# 2024 ഇന്റർനാഷണൽ ചൈനീസ് സ്പീക്കിംഗ് കോൺഫറൻസ്
# നീതിയുടെ കിരീടമായി
# ക്രിസ്തുവിന്റെ പ്രതിഫലം പ്രാപിക്കുന്നതിനായി
# നല്ല പോർ പൊരുതുകയും, ഓട്ടം തികയ്ക്കുകയും, വിശ്വാസം കാക്കുകയും, കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുകയും ചെയ്യുക
## ദൂത് നാല്
## ഉത്തമഗീതത്തിന്റെ അന്തഃസ്ഥിതമായ പ്രാധാന്യമനുസരിച്ച് കർത്താവിനുവേണ്ടിയുള്ള നമ്മുടെ സ്നേഹം നിലനിർത്തിക്കൊണ്ട് കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുക

MC, SC *Hymns*: ML414

വേദഭാഗം: ഉത്തമ. 1:2-4; 2:8-9; 3:9-10; 4:12-16; 6:10, 13; 7:11; 8:13-14

S.S. 1:2 അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു.

S.S. 1:3 നിന്റെ തൈലം സൗരഭ്യമായതു; നിന്റെ നാമം പകർന്ന തൈലംപോലെ ഇരിക്കുന്നു; അതുകൊണ്ടു കന്യകമാർ നിന്നെ സ്നേഹിക്കുന്നു.

S.S. 1:4 നിന്റെ പിന്നാലെ എന്നെ വലിക്ക; നാം ഓടിപ്പോക; രാജാവു എന്നെ പള്ളിയറകളിലേക്കു കൊണ്ടുവന്നിരിക്കുന്നു; ഞങ്ങൾ നിന്നിൽ ഉല്ലസിച്ചാനന്ദിക്കും; നിന്റെ പ്രേമത്തെ വീഞ്ഞിനെക്കാൾ ശ്ലാഘിക്കും; നിന്നെ സ്നേഹിക്കുന്നതു ഉചിതം തന്നേ.

S.S. 2:8 അതാ, എന്റെ പ്രിയന്റെ സ്വരം! അവൻ മലകളിന്മേൽ ചാടിയും കുന്നുകളിന്മേൽ കുതിച്ചുംകൊണ്ടു വരുന്നു.

S.S.. 2:9 എന്റെ പ്രിയൻ ചെറുമാനിന്നും കലക്കുട്ടിക്കും തുല്യൻ; ഇതാ, അവൻ നമ്മുടെ മതില്ക്കു പുറമേ നില്ക്കുന്നു; അവൻ കിളിവാതിലൂടെ നോക്കുന്നു; അഴിക്കിടയിൽകൂടി ഒളിഞ്ഞുനോക്കുന്നു.

S.S. 3:9 ശലോമോൻരാജാവു ലെബാനോനിലെ മരംകൊണ്ടു തനിക്കു ഒരു പല്ലക്കു ഉണ്ടാക്കി.

S.S. 3:10 അതിന്റെ മേക്കട്ടിക്കാൽ അവൻ വെള്ളികൊണ്ടും ചാരു പൊന്നുകൊണ്ടും ഇരിപ്പിടം രക്താംബരംകൊണ്ടും ഉണ്ടാക്കി; അതിന്റെ അന്തർഭാഗം യെരൂശലേംപുത്രിമാരുടെ പ്രേമംകൊണ്ടു വിചിത്രഖചിതമായിരിക്കുന്നു.

S.S. 4:12 എന്റെ സഹോദരി, എന്റെ കാന്ത കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടം, അടച്ചിരിക്കുന്ന ഒരു നീരുറവു, മുദ്രയിട്ടിരിക്കുന്ന ഒരു കിണറു.

S.S. 4:13 നിന്റെ ചിനെപ്പുകൾ വിശിഷ്ടഫലങ്ങളോടുകൂടിയ മാതളത്തോട്ടം; മയിലാഞ്ചിയോടുകൂടെ ജടാമാംസിയും,

S.S. 4:14 ജടാമാംസിയും കുങ്കുമവും, വയമ്പും ലവംഗവും, സകലവിധ കുന്തുരുക്കവൃക്ഷങ്ങളും, മൂറും അകിലും സകല പ്രധാന സുഗന്ധവർഗ്ഗവും തന്നേ.

S.S. 4:15 നീ തോട്ടങ്ങൾക്കു ഒരു നീരുറവും, വറ്റിപ്പോകാത്ത കിണറും ലെബാനോനിൽനിന്നു ഒഴുകുന്ന ഒഴുക്കുകളും തന്നേ.

S.S. 4:16 വടതിക്കാറ്റേ ഉണരുക; തെന്നിക്കാറ്റേ വരിക; എന്റെ തോട്ടത്തിൽനിന്നു സുഗന്ധം വീശേണ്ടതിന്നു അതിന്മേൽ ഊതുക; എന്റെ പ്രിയൻ തന്റെ തോട്ടത്തിൽ വന്നു അതിലെ വിശിഷ്ടഫലം ഭുജിക്കട്ടെ.

S.S. 6:10 അരുണോദയംപോലെ ശോഭയും ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോടുകൂടിയ സൈന്യംപോലെ ഭയങ്കരത്വവും ഉള്ളോരിവൾ ആർ?

S.S. 7:1 മടങ്ങിവരിക, ശൂലേംകാരത്തീ, മടങ്ങിവരിക; ഞങ്ങൾ നിന്നെ ഒന്നു കണ്ടുകൊള്ളട്ടെ, മടങ്ങിവരിക, മടങ്ങിവരിക; നിങ്ങൾ മഹനയീമിലെ

നൃത്തത്തെപ്പോലെ ശൂലേംകാരത്തിയെ കാണ്മാൻ ആഗ്രഹിക്കുന്നതു എന്തിന്നു?

S.S. 7:11 ഞാൻ എന്റെ പ്രിയന്നുള്ളവൾ; അവന്റെ ആഗ്രഹം എന്നോടാകുന്നു.

S.S. 8:13 ഉദ്യാനനിവാസിനിയേ, സഖിമാർ നിന്റെ സ്വരം ശ്രദ്ധിച്ചു കേൾക്കുന്നു; അതു എന്നെയും കേൾപ്പിക്കേണമേ.

S.S. 8:14 എന്റെ പ്രിയാ നീ പരിമളപർവ്വതങ്ങളിലെ ചെറുമാനിന്നും കലക്കുട്ടിക്കും തുല്യനായി ഓടിപ്പോക.

**I. ഒരു കാവ്യമായ ഉത്തമഗീതത്തിന്റെ വിഷയം, ആറ് പ്രധാന ഘട്ടങ്ങളിലായി തന്റെ മണവാട്ടിയെ ഒരുക്കുന്നതിനുവേണ്ടി ഒരു വ്യക്തിഗത വിശ്വാസിയുടെ ക്രിസ്തുവുമായുള്ള സ്നേഹപൂർവമായ കൂട്ടായ്മയുടെ പുരോഗമനപരമായ അനുഭവത്തെ വെളിപ്പെടുത്തുന്ന ഒരു വിശിഷ്ട ദാമ്പത്യത്തിലെ സ്നേഹത്തിന്റെ ചരിത്രമാണ്—വെളി. 19:7-9; മത്താ. 25:6-13; വെളി. 3:18-22; സെഖ. 4:1-6, 11-14; 1 യോഹ. 4:19; സങ്കീ. 110:3; 119:140:**

Rev. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

Rev. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

Rev. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

Matt. 25:6 എന്നാൽ അർധരാത്രിയിൽ ഒരു വിളിയുണ്ടായി, ഇതാ, മണവാളൻ! അവനെ എതിരേൽക്കുവാനായി പുറപ്പെട്ടു പോകുവിൻ!

Matt. 25:7 അപ്പോൾ ആ കന്യകമാരെല്ലാവരും എഴുന്നേറ്റു തങ്ങളുടെ സ്വന്തം വിളക്കുകൾ ഒരുക്കി.

Matt. 25:8 മൂഢരോ വിവേകമുള്ളവരോട്, നിങ്ങളുടെ എണ്ണയിൽ നിന്ന് അൽപം ഞങ്ങൾക്കു തരുവിൻ, ഞങ്ങളുടെ വിളക്കുകൾ അണഞ്ഞുപോകുന്നു എന്നു പറഞ്ഞു.

Matt. 25:9 എന്നാൽ വിവേകമുള്ളവർ, ഒരുപക്ഷേ ഞങ്ങൾക്കും നിങ്ങൾക്കും തികയാതെ വരും; അതിനെക്കാൾ, നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി നിങ്ങൾക്കായിത്തന്നെ വാങ്ങിക്കൊള്ളുവിൻ എന്ന് ഉത്തരം പറഞ്ഞു.

Matt. 25:10 അവർ വാങ്ങുവാനായി പോകവേ, മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടൊപ്പം വിവാഹവിരുന്നിലേക്ക് പ്രവേശിച്ചു. വാതിൽ അടയ്ക്കപ്പെട്ടു.

Matt. 25:11 പിന്നീട്, ശേഷമുള്ള കന്യകമാരും, കർത്താവേ, കർത്താവേ, ഞങ്ങൾക്കു തുറക്കേണമേ എന്നു പറഞ്ഞുകൊണ്ട് വന്നു.

Matt. 25:12 എന്നാൽ അവൻ ഉത്തരം നൽകി, ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായി നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.

Matt. 25:13 അതുകൊണ്ടു നിങ്ങൾ നാളും നാഴികയും അറിയാത്തതിനാൽ ഉണർന്നിരിക്കുവിൻ.

Rev. 3:18 നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു.

Rev. 3:19 ഞാൻ സ്നേഹിക്കുന്നവരെയൊക്കെയും ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു; അതുകൊണ്ട് തീക്ഷ്ണതയുള്ളവനാകുക; മാനസാന്തരപ്പെടുക.

Rev. 3:20 ഇതാ, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ അകത്തു വന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും.

Rev. 3:21 ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ.

Rev. 3:22 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

Zech. 4:1 എന്നോടു സംസാരിക്കുന്ന ദൂതൻ പിന്നെയും വന്നു, ഉറക്കത്തിൽനിന്നു ഉണർത്തുന്നതുപോലെ എന്നെ ഉണർത്തി.

Zech. 4:2 നീ എന്തു കാണുന്നു എന്നു എന്നോടു ചോദിച്ചതിന്നു ഞാൻ: മുഴുവനും പൊന്നുകൊണ്ടുള്ളോരു വിളക്കുതണ്ടും അതിന്റെ തലെക്കൽ ഒരു കുടവും അതിന്മേൽ ഏഴു വിളക്കും അതിന്റെ തലെക്കലുള്ള ഏഴു വിളക്കിന്നു ഏഴു കുഴലും

Zech. 4:3 അതിന്നരികെ കുടത്തിന്റെ വലത്തുഭാഗത്തു ഒന്നും ഇടത്തുഭാഗത്തു ഒന്നും ഇങ്ങനെ രണ്ടു ഒലിവുമരവും ഞാൻ കാണുന്നു എന്നു പറഞ്ഞു.

Zech. 4:4 എന്നോടു സംസാരിക്കുന്ന ദൂതനോടു ഞാൻ: യജമാനനേ, ഇതു എന്താകുന്നു എന്നു ചോദിച്ചു.

Zech. 4:5 എന്നോടു സംസാരിക്കുന്ന ദൂതൻ എന്നോടു: ഇതു എന്താകുന്നു എന്നു നീ അറിയുന്നില്ലയോ എന്നു ചോദിച്ചതിന്നു: ഇല്ല, യജമാനനേ, എന്നു ഞാൻ പറഞ്ഞു.

Zech. 4:6 അവൻ എന്നോടു ഉത്തരം പറഞ്ഞതെന്തെന്നാൽ: സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിതു: സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.

Zech. 4:11 അതിന്നു ഞാൻ അവനോടു: വിളക്കുതണ്ടിന്നു ഇടത്തുഭാഗത്തും വലത്തുഭാഗത്തും ഉള്ള രണ്ടു ഒലിവു മരം എന്താകുന്നു എന്നു ചോദിച്ചു.

Zech. 4:12 ഞാൻ രണ്ടാം പ്രാവശ്യം അവനോടു: പൊന്നുകൊണ്ടുള്ള രണ്ടു നാളത്തിന്നരികെ പൊൻനിറമായ എണ്ണ ഒഴുക്കുന്ന രണ്ടു ഒലിവുകൊമ്പു എന്തു എന്നു ചോദിച്ചു.

Zech. 4:13 അവൻ എന്നോടു: ഇതു എന്താകുന്നു എന്നു നീ അറിയുന്നില്ലയോ എന്നു ചോദിച്ചതിന്നു: ഇല്ല, യജമാനനേ, എന്നു ഞാൻ പറഞ്ഞു.

Zech. 4:14 അതിന്നു അവൻ: ഇവർ സർവ്വഭൂമിയുടെയും കർത്താവിന്റെ

സന്നിധിയിൽ നില്ക്കുന്ന രണ്ടു അഭിഷിക്തന്മാർ എന്നു പറഞ്ഞു.

1 John. 4:19 അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു.

Psa. 110:3 നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്കു സ്വമേധാദാനമായിരിക്കുന്നു; വിശുദ്ധ വസ്ത്രാലങ്കാരത്തോടുകൂടെ ഉഷസ്സിന്റെ ഉദരത്തിൽനിന്നു യുവാക്കളായ മഞ്ഞു നിനക്കു വരുന്നു.

Psa. 119:140 നിന്റെ വചനം അതിവിശുദ്ധമാകുന്നു; അതുകൊണ്ടു അടിയന്നു അതു പ്രിയമാകുന്നു.

A. ഉത്തമഗീതത്തിന്റെ ആദ്യ ഘട്ടത്തിൽ, ക്രിസ്തുവിന്റെ പ്രണയിനി സംതൃപ്തിക്കായി അവനെ പിന്തുടരുവാൻ വലിക്കപ്പെടുന്നു (1:2—2:7); തന്റെ അന്വേഷകയ്ക്ക് തന്നോട് വ്യക്തിപരവും, വാത്സല്യപൂർണവും, സ്വകാര്യവും, ആത്മികവുമായ ഒരു ബന്ധം ഉണ്ടായിരിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു (1:2, 4); അന്വേഷകയുടെ ജയജീവിതത്തിന്റെ ഈ ആദ്യ ഘട്ടത്തിൽ എല്ലാ ആത്മിക തത്ത്വങ്ങളും അടങ്ങിയിരിക്കുന്നു; തുടർന്നുള്ള പാഠങ്ങൾ പുതിയതല്ല, മറിച്ച് അവ ആഴത്തിൽ ആവർത്തിക്കപ്പെടുന്ന പഴയ പാഠങ്ങളാണ്.

S.S. 1:2 അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു.

S.S. 1:3 നിന്റെ തൈലം സൗരഭ്യമായതു; നിന്റെ നാമം പകർന്ന തൈലംപോലെ ഇരിക്കുന്നു; അതുകൊണ്ടു കന്യകമാർ നിന്നെ സ്നേഹിക്കുന്നു.

S.S. 1:4 നിന്റെ പിന്നാലെ എന്നെ വലിക്ക; നാം ഓടിപ്പോക; രാജാവു എന്നെ പള്ളിയറകളിലേക്കു കൊണ്ടുവന്നിരിക്കുന്നു; ഞങ്ങൾ നിന്നിൽ ഉല്ലസിച്ചാനന്ദിക്കും; നിന്റെ പ്രേമത്തെ വീഞ്ഞിനെക്കാൾ ശ്ലാഘിക്കും; നിന്നെ സ്നേഹിക്കുന്നതു ഉചിതം തന്നേ.

S.S. 1:5 യെരൂശലേംപുത്രിമാരേ, ഞാൻ കറുത്തവൾ എങ്കിലും കേദാര്യകൂടാരങ്ങളെപ്പോലെയും ശലോമോന്റെ തിരശ്ശീലകളെപ്പോലെയും അഴകുള്ളവൾ ആകുന്നു.

S.S. 1:6 എനിക്കു ഇരുൾനിറം പറ്റിയിരിക്കയാലും ഞാൻ വെയിൽകൊണ്ടു കറുത്തിരിക്കയാലും എന്നെ തുറിച്ചുനോക്കരുതു. എന്റെ അമ്മയുടെ പുത്രന്മാർ എന്നോടു കോപിച്ചു. എന്നെ മുന്തിരിത്തോട്ടങ്ങൾക്കു കാവലാക്കി; എന്റെ സ്വന്ത മുന്തിരിത്തോട്ടം ഞാൻ കാത്തിട്ടില്ലതാനും.

S.S. 1:7 എന്റെ പ്രാണപ്രിയനേ, പറഞ്ഞുതരിക: നീ ആടുകളെ മേയിക്കുന്നതു എവിടെ? ഉച്ചെക്കു കിടത്തുന്നതു എവിടെ? നിന്റെ ചങ്ങാതിമാരുടെ ആട്ടിൻകൂട്ടങ്ങൾക്കരികെ ഞാൻ മുഖം മൂടിയവളെപ്പോലെ ഇരിക്കുന്നതു എന്തിന്നു?

S.S. 1:8 സ്ത്രീകളിൽ അതിസുന്ദരിയേ, നീ അറിയുന്നില്ലെങ്കിൽ ആടുകളുടെ കാൽചുവടു തുടർന്നുചെന്നു ഇടയന്മാരുടെ കൂടാരങ്ങളുടെ അരികെ നിന്റെ കുഞ്ഞാടുകളെ മേയിക്ക.

S.S. 1:9 എന്റെ പ്രിയേ, ഫറവോന്റെ രഥത്തിന്നു കെട്ടുന്ന പെൺകുതിരയോടു ഞാൻ നിന്നെ ഉപമിക്കുന്നു.

S.S. 1:10 നിന്റെ കവിൾത്തടങ്ങൾ രത്നാവലികൊണ്ടും നിന്റെ കഴുത്തു മുത്തുമാലകൊണ്ടും ശോഭിച്ചിരിക്കുന്നു.

S.S. 1:11 ഞങ്ങൾ നിനക്കു വെള്ളിമണികളോടുകൂടിയ സുവർണ്ണസരപ്പളി ഉണ്ടാക്കിത്തരാം.

S.S. 1:12 രാജാവു ഭക്ഷണത്തിന്നിരിക്കുമ്പോൾ എന്റെ ജടാമാംസി സുഗന്ധം പുറപ്പെടുവിക്കുന്നു.

S.S. 1:13 എന്റെ പ്രിയൻ എനിക്കു സ്തനങ്ങളുടെ മദ്ധ്യേ കിടക്കുന്ന മൂറിൻ കെട്ടുപോലെയാകുന്നു.

S.S. 1:14 എന്റെ പ്രിയൻ എനിക്കു ഏൻഗെദി മുന്തിരിത്തോട്ടങ്ങളിലെ മയിലാഞ്ചിപ്പൂക്കുലപോലെ ഇരിക്കുന്നു.

S.S. 1:15 എന്റെ പ്രിയേ, നീ സുന്ദരി, നീ സുന്ദരി തന്നേ; നിന്റെ കണ്ണു പ്രാവിന്റെ കണ്ണുപോലെ ഇരിക്കുന്നു.

S.S. 1:16 എന്റെ പ്രിയനേ, നീ സുന്ദരൻ, നീ മനോഹരൻ; നമ്മുടെ കിടക്കയും പച്ചയാകുന്നു.

S.S. 1:17 നമ്മുടെ വീട്ടിന്റെ ഉത്തരം ദേവദാരുവും കഴുക്കോൽ സരളവൃക്ഷവും ആകുന്നു.

S.S. 2:1 ഞാൻ ശാരോനിലെ പനിനീർപുഷ്പവും താഴ്വരകളിലെ താമരപ്പൂവും ആകുന്നു.

S.S. 2:2 മുള്ളുകളുടെ ഇടയിൽ താമരപോലെ കന്യകമാരുടെ ഇടയിൽ എന്റെ പ്രിയ ഇരിക്കുന്നു.

S.S. 2:3 കാട്ടുമരങ്ങളുടെ ഇടയിൽ ഒരു നാരകംപോലെ യൌവനക്കാരുടെ ഇടയിൽ എന്റെ പ്രിയൻ ഇരിക്കുന്നു; അതിന്റെ നിഴലിൽ ഞാൻ അതിമോദത്തോടെ ഇരുന്നു; അതിന്റെ പഴം എന്റെ രുചിക്കു മധുരമായിരുന്നു.

S.S. 2:4 അവൻ എന്നെ വീഞ്ഞുവീട്ടിലേക്കു കൂട്ടിക്കൊണ്ടുചെന്നു; എന്റെ മീതെ അവൻ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു.

S.S. 2:5 ഞാൻ പ്രേമപരവശയായിരിക്കയാൽ മുന്തിരിയട തന്നു എന്നെ ശക്തീകരിപ്പിൻ; നാരങ്ങാ തന്നു എന്നെ തണുപ്പിപ്പിൻ.

S.S. 2:6 അവന്റെ ഇടങ്കൈ എന്റെ തലയിൻ കീഴെ ഇരിക്കട്ടെ; അവന്റെ വലങ്കൈ എന്നെ ആശ്ലേഷിക്കട്ടെ.

S.S. 2:7 യെരൂശലേംപുത്രിമാരേ, വയലിലെ ചെറുമാനുകളാണ, പേടമാനുകളാണ, പ്രേമത്തിന്നു ഇഷ്ടമാകുവോളം അതിനെ ഇളക്കരുതു, ഉണർത്തുകയുമരുതു.

B. ഉത്തമഗീതങ്ങളുടെ രണ്ടാമത്തെ ഘട്ടത്തിൽ, ക്രിസ്തുവിന്റെ ക്രൂശുമായുള്ള അവളുടെ ഒരുമയിലൂടെ സ്വയത്തിൽനിന്നും വിടവിക്കപ്പെടുവാൻ ക്രിസ്തുവിന്റെ പ്രണയിനി വിളിക്കപ്പെടുന്നു—2:8—3:5:

S.S. 2:8 അതാ, എന്റെ പ്രിയന്റെ സ്വരം! അവൻ മലകളിന്മേൽ ചാടിയും കുന്നുകളിന്മേൽ കുതിച്ചുംകൊണ്ടു വരുന്നു.

S.S. 2:9 എന്റെ പ്രിയൻ ചെറുമാനിന്നും കലക്കുട്ടിക്കും തുല്യൻ; ഇതാ, അവൻ നമ്മുടെ മതില്ക്കു പുറമേ നില്ക്കുന്നു; അവൻ കിളിവാതിലൂടെ നോക്കുന്നു; അഴിക്കിടയിൽകൂടി

ഒളിഞ്ഞുനോക്കുന്നു.

S.S. 2:10 എന്റെ പ്രിയൻ എന്നോടു പറഞ്ഞതു: എന്റെ പ്രിയേ, എഴുന്നേൽക്ക; എന്റെ സുന്ദരീ, വരിക.

S.S. 2:11 ശീതകാലം കഴിഞ്ഞു; മഴയും മാറിപ്പോയല്ലോ.

S.S. 2:12 പുഷ്പങ്ങൾ ഭൂമിയിൽ കാണായ്വരുന്നു; വള്ളിത്തല മുറിക്കുംകാലം വന്നിരിക്കുന്നു; കുറുപ്രാവിന്റെ ശബ്ദവും നമ്മുടെ നാട്ടിൽ കേൾക്കുന്നു.

S.S. 2:13 അത്തിക്കായ്കൾ പഴുക്കുന്നു; മുന്തിരിവള്ളി പൂത്തു സുഗന്ധം വീശുന്നു; എന്റെ പ്രിയേ, എഴുന്നേൽക്ക; എന്റെ സുന്ദരീ, വരിക.

S.S. 2:14 പാറയുടെ പിളർപ്പിലും കടുന്തൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രാവേ, ഞാൻ നിന്റെ മുഖം ഒന്നു കാണട്ടെ; നിന്റെ സ്വരം ഒന്നു കേൾക്കട്ടെ; നിന്റെ സ്വരം ഇമ്പമുള്ളതും മുഖം സൗന്ദര്യമുള്ളതും ആകുന്നു.

S.S. 2:15 ഞങ്ങളുടെ മുന്തിരിത്തോട്ടങ്ങൾ പൂത്തിരിക്കയാൽ മുന്തിരിവള്ളി നശിപ്പിക്കുന്ന കുറുക്കന്മാരെ, ചെറുകുറുക്കന്മാരെ തന്നേ പിടിച്ചുതരുവിൻ.

S.S. 2:16 എന്റെ പ്രിയൻ എനിക്കുള്ളവൻ; ഞാൻ അവന്നുള്ളവൾ; അവൻ താമരകളുടെ ഇടയിൽ ആടുമേയ്ക്കുന്നു.

S.S. 2:17 വെയിലാറി, നിഴൽ കാണാതെയാകുവോളം, എന്റെ പ്രിയനേ, നീ മടങ്ങി ദുർഘടപർവ്വതങ്ങളിലെ ചെറുമാനിന്നും കലക്കുട്ടിക്കും തുല്യനായിരിക്ക.

S.S. 3:1 രാത്രിസമയത്തു എന്റെ കിടക്കയിൽ ഞാൻ എന്റെ പ്രാണപ്രിയനെ അന്വേഷിച്ചു; ഞാൻ അവനെ അന്വേഷിച്ചു; കണ്ടില്ലതാനും.

S.S. 3:2 ഞാൻ എഴുന്നേറ്റു നഗരത്തിൽ സഞ്ചരിച്ചു, വീഥികളിലും വിശാലസ്ഥലങ്ങളിലും എന്റെ പ്രാണപ്രിയനെ അന്വേഷിക്കും എന്നു ഞാൻ പറഞ്ഞു; ഞാൻ അവനെ അന്വേഷിച്ചു; കണ്ടില്ലതാനും.

S.S. 3:3 നഗരത്തിൽ സഞ്ചരിക്കുന്ന കാവൽക്കാർ എന്നെ കണ്ടു; എന്റെ പ്രാണപ്രിയനെ കണ്ടുവോ എന്നു ഞാൻ അവരോടു ചോദിച്ചു.

S.S. 3:4 അവരെ വിട്ടു കുറെ അങ്ങോട്ടു ചെന്നപ്പോൾ ഞാൻ എന്റെ പ്രാണപ്രിയനെ കണ്ടു. ഞാൻ അവനെ പിടിച്ചു, എന്റെ അമ്മയുടെ വീട്ടിലേക്കും എന്നെ പ്രസവിച്ചവളുടെ അറയിലേക്കും കൊണ്ടുവരുന്നതുവരെ അവനെ വിട്ടില്ല.

S.S. 3:5 യെരൂശലേംപുത്രിമാരേ, ചെറുമാനുകളാണ, പേടമാനുകളാണ, പ്രേമത്തിന്നു ഇഷ്ടമാകുവോളം അതിനെ ഇളക്കരുതു ഉണർത്തുകയുമരുതു.

1. ഉത്തമഗീതം 2:8-9 പുനരുത്ഥാനത്തിന്റെ ചൈതന്യത്തെക്കുറിച്ച് സംസാരിക്കുന്നു; ഈ വാക്യങ്ങളിൽ ക്രിസ്തുവിനെ "മലകളിന്മേൽ ചാടുകയും കുന്നുകളിന്മേൽ കുതിക്കുകയും" ചെയ്യുന്ന ഒരു കലമാനിനോട് അഥവാ ഒരു ഇളമാനിനോട് ഉപമിച്ചിരിക്കുന്നു; മലകളും കുന്നുകളും പ്രയാസങ്ങളെയും തടസ്സങ്ങളെയും സൂചിപ്പിക്കുന്നു, എന്നാൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ തടയുവാൻ കഴിയുന്നത്ര

വലിയ ഉയരമോ വളരെ വലുതോ ആയ ഒന്നുമില്ല; മലകൾ-ചാടുകയും കുന്നുകളിൽ കുതിക്കുന്നവനുമായ ക്രിസ്തുവിന്റെ സാന്നിധ്യം നാം അന്വേഷിക്കുകയും അറിയുകയും വേണം.

S.S. 2:8 അതാ, എന്റെ പ്രിയന്റെ സ്വരം! അവൻ മലകളിന്മേൽ ചാടിയും കുന്നുകളിന്മേൽ കുതിച്ചുംകൊണ്ടു വരുന്നു.

S.S. 2:9 എന്റെ പ്രിയൻ ചെറുമാനിന്നും കലക്കുട്ടിക്കും തുല്യൻ; ഇതാ, അവൻ നമ്മുടെ മതില്ക്കു പുറമേ നില്ക്കുന്നു; അവൻ കിളിവാതിലൂടെ നോക്കുന്നു; അഴിക്കിടയിൽകൂടി ഒളിഞ്ഞുനോക്കുന്നു.

2. ക്രിസ്തുവിന്റെ പ്രണയിനി സ്വയ-പരിശോധനയിൽ വീഴുന്നു, അത് ക്രിസ്തുവിന്റെ സാന്നിധ്യത്തിൽനിന്നും അവളെ അകറ്റി നിർത്തുന്ന ഒരു മതിലായ ഒരു ഏകാന്തതയായിത്തീരുന്നു (വാ. 9); തന്മൂലം, തന്നോടുകൂടെ ആയിരിക്കുവാൻ അവൾ എഴുന്നേൽക്കുവാനും അവളുടെ താഴ്ന്ന അവസ്ഥയിൽനിന്ന് പുറത്തുവരുവാനും ക്രിസ്തു അവളെ പ്രോത്സാഹിപ്പിക്കുന്നു (വാ. 10-13).

S.S. 2:9 എന്റെ പ്രിയൻ ചെറുമാനിന്നും കലക്കുട്ടിക്കും തുല്യൻ; ഇതാ, അവൻ നമ്മുടെ മതില്ക്കു പുറമേ നില്ക്കുന്നു; അവൻ കിളിവാതിലൂടെ നോക്കുന്നു; അഴിക്കിടയിൽകൂടി ഒളിഞ്ഞുനോക്കുന്നു.

S.S. 2:10 എന്റെ പ്രിയൻ എന്നോടു പറഞ്ഞതു: എന്റെ പ്രിയേ, എഴുന്നേൽക്ക; എന്റെ സുന്ദരീ, വരിക.

S.S. 2:11 ശീതകാലം കഴിഞ്ഞു; മഴയും മാറിപ്പോയല്ലോ.

S.S. 2:12 പുഷ്പങ്ങൾ ഭൂമിയിൽ കാണായ്വരുന്നു; വള്ളിത്തല മുറിക്കുംകാലം വന്നിരിക്കുന്നു; കുറുപ്രാവിന്റെ ശബ്ദവും നമ്മുടെ നാട്ടിൽ കേൾക്കുന്നു.

S.S. 2:13 അത്തിക്കായ്കൾ പഴുക്കുന്നു; മുന്തിരിവള്ളി പൂത്തു സുഗന്ധം വീശുന്നു; എന്റെ പ്രിയേ, എഴുന്നേൽക്ക; എന്റെ സുന്ദരീ, വരിക.

3. അവന്റെ ക്രൂശുമായി ഒന്നായിരുന്നുകൊണ്ട് അവന്റെ മരണത്തോട് അനുരൂപപ്പെടുവാൻ ക്രിസ്തുവിന്റെ പ്രണിയിനികളായ നാം പ്രാപ്തരുക്കപ്പെടുന്നത് നമ്മുടെ സ്വാഭാവിക ജീവനാലല്ല, പുനരുത്ഥാന ശക്തിയാലാണ് (വാ. 14-15); നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിൽ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നാം പങ്കുചേരുകയും അതിനെ അനുഭവമാക്കുകയും ചെയ്യുന്നു; അത് സ്വയത്തിൽനിന്നും വിടുവിക്കപ്പെടുവാൻ ക്രൂശുമായി ഒന്നായിരിക്കുവാനും ക്രിസ്തുവിന്റെ ജൈവിക ശരീരത്തിന്റെ കെട്ടപണിയിൽ ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിനുവേണ്ടി ദൈവത്തിന്റെ പുതിയ സൃഷ്ടിയിൽ ഒരു പുതുമനുഷ്യനായി രൂപാന്തരപ്പെടുവാനും നമ്മെ പ്രാപ്തരാക്കുന്നു. (റോമ. 8:2, 4, 29; ഗലാ. 6:15; 2 കൊരി. 5:17).

S.S. 2:14 പാറയുടെ പിളർപ്പിലും കടുന്തൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രാവേ, ഞാൻ നിന്റെ മുഖം ഒന്നു കാണട്ടെ; നിന്റെ സ്വരം ഒന്നു കേൾക്കട്ടെ; നിന്റെ സ്വരം ഇമ്പമുള്ളതും മുഖം

സൗന്ദര്യമുള്ളതും ആകുന്നു.

S.S. 2:15 ഞങ്ങളുടെ മുന്തിരിത്തോട്ടങ്ങൾ പൂത്തിരിക്കയാൽ മുന്തിരിവള്ളി നശിപ്പിക്കുന്ന കുറുക്കന്മാരെ, ചെറുകുറുക്കന്മാരെ തന്നേ പിടിച്ചുതരുവിൻ.

Rom. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

Rom. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

Rom. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

Gal. 6:15 പരിച്ഛേദനയും അഗ്രചർമവും ഏതുമല്ല, പുതിയ സൃഷ്ടിയത്രേ കാര്യം.

2 Cor. 5:17 അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു.

C. ഉത്തമഗീതത്തിന്റെ മൂന്നാമത്തെ ഘട്ടത്തിൽ, ക്രിസ്തുവിന്റെ പ്രണയിനി പുനരുത്ഥാനത്തിൽ പുതിയ സൃഷ്ടിയായി ആരോഹണത്തിൽ ജീവിക്കുവാൻ വിളിക്കപ്പെടുന്നു—3:6—5:1:

S.S. 3:6 മൂറും കുന്തുരുക്കവുംകൊണ്ടും കച്ചവടക്കാരന്റെ സകലവിധ സുഗന്ധചൂർണ്ണങ്ങൾകൊണ്ടും പരിമളപ്പെട്ടിരിക്കുന്ന പുകത്തൂൺപോലെ മരുഭൂമിയിൽനിന്നു കയറിവരുന്നോരിവൻ ആർ?

S.S. 3:7 ശലോമോന്റെ പല്ലക്കു തന്നേ; യിസ്രായേൽവീരന്മാരിൽ അറുപതു വീരന്മാർ അതിന്റെ ചുറ്റും ഉണ്ടു.

S.S. 3:8 അവരെല്ലാവരും വാളെടുത്ത യുദ്ധസമർത്ഥന്മാർ; രാത്രിയിലെ ഭയം നിമിത്തം ഓരോരുത്തൻ അരെക്കു വാൾ കെട്ടിയിരിക്കുന്നു.

S.S. 3:9 ശലോമോൻരാജാവു ലെബാനോനിലെ മരംകൊണ്ടു തനിക്കു ഒരു പല്ലക്കു ഉണ്ടാക്കി.

S.S. 3:10 അതിന്റെ മേക്കട്ടിക്കാൽ അവൻ വെള്ളികൊണ്ടും ചാരു പൊന്നുകൊണ്ടും ഇരിപ്പിടം രക്താംബരംകൊണ്ടും ഉണ്ടാക്കി; അതിന്റെ അന്തർഭാഗം യെരൂശലേംപുത്രിമാരുടെ പ്രേമംകൊണ്ടു വിചിത്രഖചിതമായിരിക്കുന്നു.

S.S. 3:11 സീയോൻപുത്രിമാരേ, നിങ്ങൾ പുറപ്പെട്ടുചെന്നു ശലോമോൻരാജാവിനെ അവന്റെ കല്യാണദിവസത്തിൽ, അവന്റെ ഹൃദയത്തിന്റെ ആനന്ദദിവസത്തിൽ തന്നേ, അവന്റെ അമ്മ അവനെ ധരിപ്പിച്ച കിരീടത്തോടുകൂടെ കാണ്മിൻ.

S.S. 4:1 എന്റെ പ്രിയേ, നീ സുന്ദരി; നീ സുന്ദരി തന്നേ. നിന്റെ മൂടുപടത്തിൻ

നടുവെ നിന്റെ കണ്ണു പ്രാവിൻ കണ്ണുപോലെ ഇരിക്കുന്നു; നിന്റെ തലമുടി ഗിലെയാദ് മലഞ്ചെരിവിൽ കിടക്കുന്ന കോലാട്ടിൻകൂട്ടം പോലെയാകുന്നു.

S.S. 4:2 നിന്റെ പല്ലു, രോമം കത്രിച്ചിട്ടു കുളിച്ചു കയറിവരുന്ന ആടുകളെപ്പോലെ ഇരിക്കുന്നു; അവയിൽ ഒന്നും മച്ചിയായിരിക്കാതെ എല്ലാം ഇരട്ടപ്രസവിക്കുന്നു.

S.S. 4:3 നിന്റെ അധരം കടുംചുവപ്പുനൂൽപോലെയും നിന്റെ വായ് മനോഹരവും ആകുന്നു; നിന്റെ ചെന്നികൾ നിന്റെ മൂടുപടത്തിൻ ഉള്ളിൽ മാതളപ്പഴത്തിൻ ഖണ്ഡംപോലെ ഇരിക്കുന്നു.

S.S. 4:4 നിന്റെ കഴുത്തു ആയുധശാലയായി പണിതിരിക്കുന്ന ദാവീദിൻ ഗോപുരത്തോടു ഒക്കും; അതിൽ ആയിരം പരിച തൂക്കിയിരിക്കുന്നു; അവ ഒക്കെയും വീരന്മാരുടെ പരിച തന്നേ.

S.S. 4:5 നിന്റെ സ്തനം രണ്ടും താമരക്കിടയിൽ മേയുന്ന ഇരട്ട പിറന്ന രണ്ടു മാൻകുട്ടികൾക്കു സമം.

S.S. 4:6 വെയലാറി നിഴൽ കാണാതെയാകുവോളം ഞാൻ മൂറിൻമലയിലും കുന്തുരുക്കക്കുന്നിലും ചെന്നിരിക്കാം.

S.S. 4:7 എന്റെ പ്രിയേ, നീ സർവ്വാംഗസുന്ദരി; നിന്നിൽ യാതൊരു ഊനവും ഇല്ല.

S.S. 4:8 കാന്തേ ലെബാനോനെ വിട്ടു എന്നോടുകൂടെ, ലെബാനോനെ വിട്ടു എന്നോടുകൂടെ വരിക; അമാനാമുകളും ശെനീർ ഹെർമ്മോൻ കൊടുമുടികളും സിംഹങ്ങളുടെ ഗുഹകളും പുള്ളിപ്പുലികളുടെ പർവ്വതങ്ങളും വിട്ടുപോരിക.

S.S. 4:9 എന്റെ സഹോദരി എന്റെ കാന്തേ, നീ എന്റെ ഹൃദയത്തെ അപഹരിച്ചിരിക്കുന്നു; ഒരു നോട്ടംകൊണ്ടും കഴുത്തിലെ മാലകൊണ്ടും നീ എന്റെ ഹൃദയത്തെ അപഹരിച്ചിരിക്കുന്നു.

S.S. 4:10 എന്റെ സഹോദരീ, എന്റെ കാന്തേ, നിന്റെ പ്രേമം എത്ര മനോഹരം! വീഞ്ഞിനെക്കാൾ നിന്റെ പ്രേമവും സകലവിധ സുഗന്ധവർഗ്ഗത്തെക്കാൾ നിന്റെ തൈലത്തിന്റെ പരിമളവും എത്ര രസകരം!

S.S. 4:11 അല്ലയോ കാന്തേ, നിന്റെ അധരം തേൻകട്ട പൊഴിക്കുന്നു; നിന്റെ നാവിൻ കീഴിൽ തേനും പാലും ഉണ്ടു; നിന്റെ വസ്ത്രത്തിന്റെ വാസന ലെബാനോന്റെ വാസനപോലെ ഇരിക്കുന്നു.

S.S. 4:12 എന്റെ സഹോദരി, എന്റെ കാന്ത കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടം, അടച്ചിരിക്കുന്ന ഒരു നീരുറവു, മുദ്രയിട്ടിരിക്കുന്ന ഒരു കിണറു.

S.S. 4:13 നിന്റെ ചിനെപ്പുകൾ വിശിഷ്ടഫലങ്ങളോടുകൂടിയ മാതളത്തോട്ടം; മയിലാഞ്ചിയോടുകൂടെ ജടാമാംസിയും,

S.S. 4:14 ജടാമാംസിയും കുങ്കുമവും, വയമ്പും ലവംഗവും, സകലവിധ കുന്തുരുക്കവൃക്ഷങ്ങളും, മൂറും അകിലും സകല പ്രധാന സുഗന്ധവർഗ്ഗവും തന്നേ.

S.S. 4:15 നീ തോട്ടങ്ങൾക്കു ഒരു നീരുറവും, വറ്റിപ്പോകാത്ത കിണറും ലെബാനോനിൽനിന്നു ഒഴുകുന്ന ഒഴുക്കുകളും തന്നേ.

S.S. 4:16 വടതിക്കാറ്റേ ഉണരുക; തെന്നിക്കാറ്റേ വരിക; എന്റെ തോട്ടത്തിൽനിന്നു സുഗന്ധം വീശേണ്ടതിന്നു അതിന്മേൽ ഊതുക; എന്റെ പ്രിയൻ തന്റെ തോട്ടത്തിൽ വന്നു അതിലെ വിശിഷ്ടഫലം ഭുജിക്കട്ടെ.

S.S. 5:1 എന്റെ സഹോദരീ, എന്റെ കാന്തേ, ഞാൻ എന്റെ തോട്ടത്തിൽ വന്നിരിക്കുന്നു; ഞാൻ എന്റെ മൂറും സുഗന്ധവർഗ്ഗവും പെറുക്കി; ഞാൻ എന്റെ തേൻകട്ട തേനോടുകൂടെ തിന്നും എന്റെ വീഞ്ഞു പാലോടുകൂടെ കുടിച്ചും ഇരിക്കുന്നു; സ്നേഹിതന്മാരേ തിന്നുവിൻ; പ്രിയരേ, കുടിച്ചു മത്തരാകുവിൻ!

1. ആരോഹണത്തിൽ ജീവിക്കുന്നത് നമ്മുടെ ആത്മാവിൽ തുടർച്ചയായി ജീവിക്കുന്നതാണ്; നമ്മുടെ ആത്മാവിൽ നാം ജീവിക്കുമ്പോൾ, നാം സ്വർഗത്തിലുള്ള ആരോഹണംചെയ്ത ക്രിസ്തുവിനോട് നാം ചേർക്കപ്പെടുന്നു—എഫെ. 2:22; ഉല്പ. 28:12-17; യോഹ. 1:51; വെളി. 4:1-2; എബ്രാ. 4:12, 16, അടിക്കുറിപ്പ് 1.

Eph. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

Gen. 28:12 അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു.

Gen. 28:13 അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തതു: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും.

Gen. 28:14 നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും.

Gen. 28:15 ഇതാ, ഞാൻ നിന്നോടുകൂടെയുണ്ടു; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും.

Gen. 28:16 അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ടു സത്യം; ഞാനോ അതു അറിഞ്ഞില്ല എന്നു പറഞ്ഞു.

Gen. 28:17 അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു.

John. 1:51 അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും

നിങ്ങൾ കാണും എന്നു പറഞ്ഞു.

Rev. 4:1 ഇക്കാര്യങ്ങൾക്കു ശേഷം, ഇതാ സ്വർഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതും, ഞാൻ കേട്ട ആദ്യത്തെ ശബ്ദം ഒരു കാഹളം സംസാരിക്കുന്നതു പോലെ എന്നോട്, ഇവിടെ കയറിവരുക, ഇവയ്ക്കുശേഷം സംഭവിപ്പാനുള്ള കാര്യങ്ങൾ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറയുന്നതും ഞാൻ കണ്ടു.

Rev. 4:2 ഉടനെ ഞാൻ ആത്മാവിലായി; ഇതാ, സ്വർഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നു, സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു;

Heb. 4:12 എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു.

Heb. 4:16 അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം..

അടിക്കുറിപ്പ് 2 സംശയമെന്യേ, ഇവിടെ പരാമർശിച്ചിരിക്കുന്ന സിംഹാസനം, സ്വർഗത്തിലുള്ള ദൈവസിംഹാസനമാണ് (വെളി. 4:2). ദൈവത്തിന്റെ സിംഹാസനം സർവപ്രപഞ്ചത്തെയും സംബന്ധിച്ച് അധികാരത്തിന്റെ സിംഹാസനമാണ് (ദാനീ. 7:9; വെളി. 5:1). എന്നാൽ വിശ്വാസികളായ നമ്മെ സംബന്ധിച്ച് അത്, അതിവിശുദ്ധസ്ഥലത്തിനുള്ളിലെ പ്രായശ്ചിത്ത മൂടി (കരുണാസനം) (പുറ. 25:17, 21) സൂചിപ്പിക്കുന്ന കൃപയുടെ സിംഹാസനമായിത്തീരുന്നു. ഈ സിംഹാസനം ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനമാണ് (വെളി. 22:1). നാം ഭൂമിയിൽ ജീവിക്കവേതന്നെ സ്വർഗത്തിലായിരിക്കുന്ന, ദൈവത്തിന്റെയും ക്രിസ്തുവായ കുഞ്ഞാടിന്റെയും സിംഹാസനത്തിലേക്ക് നമുക്ക് എങ്ങനെ വരുവാൻ കഴിയും? ഇതിനുള്ള രഹസ്യം, വാ. 12-ൽ പരാമർശിച്ചിരിക്കുന്ന നമ്മുടെ ആത്മാവാണ്. സ്വർഗത്തിലെ സിംഹാസനത്തിൽ ഇരിക്കുന്നവനായ സാക്ഷാൽ ക്രിസ്തു (റോമ. 8:34), ഇന്ന് നമ്മിലും (റോമ. 8:10), അതായത്, ദൈവത്തിന്റെ വാസസ്ഥലമായിരിക്കുന്ന (എഫെ. 2:22), നമ്മുടെ ആത്മാവിലുമുണ്ട് (2 തിമൊ. 4:22). സ്വർഗത്തിന്റെ വാതിലായ ബെഥേലിൽ, ദൈവത്തിന്റെ ഭവനത്തിൽ, ദൈവത്തിന്റെ വാസസ്ഥലത്തിൽ, ക്രിസ്തു, ഭൂമിയെ സ്വർഗവുമായി ബന്ധിപ്പിക്കുന്നതും, സ്വർഗത്തെ ഭൂമിയിലേക്ക് കൊണ്ടുവരുന്നതുമായ കോവണിയാണ് (ഉൽ. 28:12-17; യോഹ. 1:51). ഇന്ന് നമ്മുടെ ആത്മാവ്, ദൈവം വസിക്കുന്ന ഇടമായതിനാൽ, അത് ഇപ്പോൾ സ്വർഗത്തിന്റെ വാതിലാണ്. അവിടെ ക്രിസ്തു, ഭൂമിയിലെ ജനമായ നമ്മെ സ്വർഗവുമായി ബന്ധിപ്പിക്കുന്നതും, സ്വർഗത്തെ നമ്മിലേക്ക് കൊണ്ടുവരുന്നതുമായ കൊവണിയാണ്. അതുകൊണ്ട്, നമ്മുടെ ആത്മാവിലേക്ക് തിരിയുമ്പോഴൊക്കെയും നാം സ്വർഗത്തിന്റെ വാതിലിലൂടെ

പ്രവേശിച്ച്, സ്വർഗീയ കോവണിയായ ക്രിസ്തുവിലൂടെ സ്വർഗത്തിലെ കൃപയുടെ സിംഹാസനം തൊടുന്നു..

2. നമ്മിൽ ആത്മാവിന്റെ രൂപാന്തരപ്പെടുത്തുന്ന വേലയാൽ, നാം ക്രിസ്തുവിന്റെ ശരീരത്തിലും ശരീരത്തിനുവേണ്ടിയും ക്രിസ്തുവിന്റെ നീക്കത്തിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ ചലിക്കുന്ന പാത്രം, ക്രിസ്തുവിന്റെ വാഹനം, ക്രിസ്തുവിന്റെ "കാർ," ആയിത്തീരുന്നു—ഉത്തമ. 3:9-10; പ്ര.നി. 2 കൊരി. 2:12-17.

S.S. 3:9 ശലോമോൻരാജാവു ലെബാനോനിലെ മരംകൊണ്ടു തനിക്കു ഒരു പല്ലക്കു ഉണ്ടാക്കി.

S.S. 3:10 അതിന്റെ മേക്കട്ടിക്കാൽ അവൻ വെള്ളികൊണ്ടും ചാരു പൊന്നുകൊണ്ടും ഇരിപ്പിടം രക്താംബരംകൊണ്ടും ഉണ്ടാക്കി; അതിന്റെ അന്തർഭാഗം യെരൂശലേംപുത്രിമാരുടെ പ്രേമംകൊണ്ടു വിചിത്രഖചിതമായിരിക്കുന്നു.

2 Cor. 2:12 അതുകൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തിനായി ഞാൻ ത്രോവാസിൽ വരുകയും, കർത്താവിൽ എനിക്ക് ഒരു വാതിൽ തുറക്കപ്പെടുകയും ചെയ്തപ്പോൾ,

2 Cor. 2:13 എന്റെ സഹോദരനായ തീത്തൊസിനെ കണ്ടെത്താത്തതിനാൽ, എന്റെ ആത്മാവിൽ എനിക്ക് സ്വസ്ഥത ഉണ്ടായിരുന്നില്ല; അവരിൽനിന്ന് വിടവാങ്ങിയ ശേഷം ഞാൻ മക്കെദോന്യയിലേക്ക് പുറപ്പെട്ടുപോയി.

2 Cor. 2:14 എന്നാൽ ഞങ്ങളെ ക്രിസ്തുവിൽ എല്ലായ്പ്പോഴും ജയോത്സവത്തിൽ നടത്തുകയും ഞങ്ങളിലൂടെ എല്ലായിടത്തും അവന്റെ പരിജ്ഞാനത്തിന്റെ വാസന വെളിവാക്കുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം.

2 Cor. 2:15 ഞങ്ങൾ രക്ഷിക്കപ്പെടുന്നവരിലും നശിക്കുന്നവരിലും ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യം ആകുന്നു.

2 Cor. 2:16 ചിലർക്ക് മരണത്തിൽനിന്ന് മരണത്തിങ്കലേക്കുള്ള വാസനയും, മറ്റുള്ളവർക്ക് ജീവനിൽനിന്ന് ജീവങ്കലേക്കുള്ള വാസനയും. ഇവയ്ക്ക് പര്യാപ്തൻ ആർ?

2 Cor. 2:17 ഞങ്ങൾ ലാഭത്തിനായി ദൈവവചനത്തിൽ മായം ചേർക്കുന്ന അനേകരെപ്പോലെയല്ല; ആത്മാർഥതയോടെ, ദൈവത്തിൽനിന്ന്, ക്രിസ്തുവിൽ ദൈവമുമ്പാകെയത്രേ ഞങ്ങൾ സംസാരിക്കുന്നത്.

3. നമ്മുടെ ബാഹ്യ ഘടന യേശുവിന്റെ ഉയിർത്തെഴുന്നേറ്റതും ആരോഹണം ചെയ്തതുമായ മനുഷ്യത്വവും നമ്മുടെ ആന്തരിക അലങ്കാരം കർത്താവിനു വേണ്ടിയുള്ള നമ്മുടെ സ്നേഹവും ആകത്തക്കവണ്ണം നാം ദിവ്യ ത്രിത്വത്താൽ പുനർനിർമ്മിക്കപ്പെടുന്നു—ഉത്തമ. 3:9-10.

S.S. 3:9 ശലോമോൻരാജാവു ലെബാനോനിലെ മരംകൊണ്ടു തനിക്കു ഒരു പല്ലക്കു ഉണ്ടാക്കി.

S.S. 3:10 അതിന്റെ മേക്കട്ടിക്കാൽ അവൻ വെള്ളികൊണ്ടും ചാരു പൊന്നുകൊണ്ടും ഇരിപ്പിടം രക്താംബരംകൊണ്ടും ഉണ്ടാക്കി;

അതിന്റെ അന്തർഭാഗം യെരൂശലേംപുത്രിമാരുടെ പ്രേമംകൊണ്ടു വിചിത്രഖചിതമായിരിക്കുന്നു.

4. ക്രിസ്തുവിന്റെ പ്രണയിനിക്ക് ക്രിസ്തുവിന്റെ സ്വകാര്യ ആസ്വാദനത്തിനു വേണ്ടിയുള്ള ഒരു പൂന്തോട്ടമായിത്തീരുവാൻ കഴിയത്തക്കവണ്ണം, പുനരുത്ഥാനത്തിലുള്ള പുതിയ സൃഷ്ടിയെന്ന നിലയിൽ ക്രിസ്തുവിന്റെ ആരോഹണത്തിലുള്ള അവളുടെ ജീവിതത്തിലൂടെ, അവൾ ക്രിസ്തുവിന്റെ ജീവന്റെ സമ്പന്നതയിൽ പക്വത ഉള്ളവളായിത്തീരുന്നു (4:12-15); ഏത് സാഹചര്യത്തിലും അഥവാ പരിതസ്ഥിതിയിലും ക്രിസ്തുവിന്റെ സുഗന്ധം പരത്തുവാൻ അവൾ ഒരുക്കമാണ് (വാ. 16).

S.S. 4:12 എന്റെ സഹോദരി, എന്റെ കാന്ത കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടം, അടച്ചിരിക്കുന്ന ഒരു നീരുറവു, മുദ്രയിട്ടിരിക്കുന്ന ഒരു കിണറു.

S.S. 4:13 നിന്റെ ചിനെപ്പുകൾ വിശിഷ്ടഫലങ്ങളോടുകൂടിയ മാതളത്തോട്ടം; മയിലാഞ്ചിയോടുകൂടെ ജടാമാംസിയും,

S.S. 4:14 ജടാമാംസിയും കുങ്കുമവും, വയമ്പും ലവംഗവും, സകലവിധ കുന്തുരുക്കവൃക്ഷങ്ങളും, മൂറും അകിലും സകല പ്രധാന സുഗന്ധവർഗ്ഗവും തന്നേ.

S.S. 4:15 നീ തോട്ടങ്ങൾക്കു ഒരു നീരുറവും, വറ്റിപ്പോകാത്ത കിണറും ലെബാനോനിൽനിന്നു ഒഴുകുന്ന ഒഴുക്കുകളും തന്നേ.

S.S. 4:16 വടതിക്കാറ്റേ ഉണരുക; തെന്നിക്കാറ്റേ വരിക; എന്റെ തോട്ടത്തിൽനിന്നു സുഗന്ധം വീശേണ്ടതിന്നു അതിന്മേൽ ഊതുക; എന്റെ പ്രിയൻ തന്റെ തോട്ടത്തിൽ വന്നു അതിലെ വിശിഷ്ടഫലം ഭുജിക്കട്ടെ.

D. ഉത്തമഗീതങ്ങളുടെ നാലാമത്തെ ഘട്ടത്തിൽ, പുനരുത്ഥാനത്തിനുശേഷം ക്രൂശിലൂടെ തിരശ്ശീലയ്ക്കുള്ളിൽ ജീവിക്കുവാൻ ക്രിസ്തുവിന്റെ പ്രണയിനി കൂടുതൽ ശക്തമായി വിളിക്കപ്പെടുന്നു—5:2—6:13:

S.S. 5:2 ഞാൻ ഉറങ്ങുന്നു എങ്കിലും എന്റെ ഹൃദയം ഉണർന്നിരിക്കുന്നു. വാതിൽക്കൽ മുട്ടുന്ന എന്റെ പ്രിയന്റെ സ്വരം: എന്റെ സഹോദരീ, എന്റെ പ്രിയേ, എന്റെ പ്രാവേ, എന്റെ നിഷ്കളങ്കേ, തുറക്കുക; എന്റെ ശിരസ്സു മഞ്ഞുകൊണ്ടും കുറുനിരകൾ രാത്രിയിൽ പെയ്യുന്ന തുള്ളികൊണ്ടും നനെഞ്ഞിരിക്കുന്നു.

S.S. 5:3 എന്റെ അങ്കി ഞാൻ ഊരിയിരിക്കുന്നു; അതു വീണ്ടും ധരിക്കുന്നതു എങ്ങനെ? ഞാൻ കാലുകളെ കഴുകിയിരിക്കുന്നു; അവയെ മലിനമാക്കുന്നതു എങ്ങനെ?

S.S. 5:4 എന്റെ പ്രിയൻ ദ്വാരത്തിൽകൂടി കൈ നീട്ടി; എന്റെ ഉള്ളം അവനെച്ചൊല്ലി ഉരുകിപ്പോയി.

S.S. 5:5 എന്റെ പ്രിയന്നു തുറക്കേണ്ടതിന്നു ഞാൻ എഴുന്നേറ്റു; എന്റെ കൈ മൂറും, എന്റെ വിരൽ മൂറിൻതൈലവും തഴുതുപിടികളിന്മേൽ പൊഴിച്ചു.

S.S. 5:6 ഞാൻ എന്റെ പ്രിയന്നു വേണ്ടി തുറന്നു എന്റെ പ്രിയനോ പൊയ്ക്കളഞ്ഞിരുന്നു; അവൻ സംസാരിച്ചപ്പോൾ ഞാൻ

വിവശയായിരുന്നു; ഞാൻ അന്വേഷിച്ചു അവനെ കണ്ടില്ല; ഞാൻ അവനെ വിളിച്ചു; അവൻ ഉത്തരം പറഞ്ഞില്ല.

S.S. 5:7 നഗരത്തിൽ ചുറ്റി സഞ്ചരിക്കുന്ന കാവൽക്കാർ എന്നെ കണ്ടു; അവർ എന്നെ അടിച്ചു, മുറിവേല്പിച്ചു; മതിൽകാവൽക്കാർ എന്റെ മൂടുപടം എടുത്തുകളഞ്ഞു.

S.S. 5:8 യെരൂശലേംപുത്രിമാരേ, നിങ്ങൾ എന്റെ പ്രിയനെ കണ്ടെങ്കിൽ ഞാൻ പ്രേമപരവശയായിരിക്കുന്നു എന്നു അവനോടു അറിയിക്കേണം എന്നു ഞാൻ നിങ്ങളോടു ആണയിടുന്നു.

S.S. 5:9 സ്ത്രീകളിൽ അതിസുന്ദരിയായുള്ളോവേ, നിന്റെ പ്രിയന്നു മറ്റു പ്രിയന്മാരെക്കാൾ എന്തു വിശേഷതയുള്ളു? നീ ഇങ്ങനെ ഞങ്ങളോടു ആണയിടേണ്ടതിന്നു നിന്റെ പ്രിയന്നു മറ്റു പ്രിയന്മാരെക്കാൾ എന്തു വിശേഷതയുള്ളു.

S.S. 5:10 എന്റെ പ്രിയൻ വെണ്മയും ചുവപ്പും ഉള്ളവൻ, പതിനായിരംപേരിൽ അതിശ്രേഷ്ഠൻ തന്നേ.

S.S. 5:11 അവന്റെ ശിരസ്സു അതിവിശേഷമായ തങ്കം; അവന്റെ കുറുനിരകൾ ചുരുണ്ടും കാക്കയെപ്പോലെ കറുത്തും ഇരിക്കുന്നു.

S.S. 5:12 അവന്റെ കണ്ണു നീർത്തോടുകളുടെ അരികത്തുള്ള പ്രാവുകൾക്കു തുല്യം; അതു പാലുകൊണ്ടു കഴുകിയതും ചേർച്ചയായി പതിച്ചതും ആകുന്നു.

S.S. 5:13 അവന്റെ കവിൾ സുഗന്ധസസ്യങ്ങളുടെ തടവും നറുമ്പൈകളുടെ വാരവും, അവന്റെ അധരം താമരപ്പൂവുംപോലെ ഇരിക്കുന്നു; അതു മൂറിൻ തൈലം പൊഴിച്ചുകൊണ്ടിരിക്കുന്നു;

S.S. 5:14 അവന്റെ കൈകൾ ഗോമേദകം പതിച്ചിരിക്കുന്ന സ്വർണ്ണനാളങ്ങൾ; അവന്റെ ഉദരം നീലരത്നം പതിച്ച ദന്ത നിർമ്മിതം.

S.S. 5:15 അവന്റെ തുട തങ്കച്ചുവട്ടിൽ നിർത്തിയ വെൺകൽത്തൂൺ; അവന്റെ രൂപം ലെബാനോനെപ്പോലെ, ദേവദാരുപോലെ തന്നേ ഉൽകൃഷ്ടമാകുന്നു.

S.S. 5:16 അവന്റെ വായ് ഏറ്റവും മധുരമുള്ളതു; അവൻ സർവ്വാംഗസുന്ദരൻ തന്നേ. യെരൂശലേംപുത്രിമാരേ, ഇവനത്രേ എന്റെ പ്രിയൻ; ഇവനത്രേ എന്റെ സ്നേഹിതൻ.

S.S. 6:1 സ്ത്രീകളിൽ അതിസുന്ദരിയായുള്ളോവേ, നിന്റെ പ്രിയൻ എവിടെ പോയിരിക്കുന്നു? നിന്റെ പ്രിയൻ ഏതുവഴിക്കു തിരിഞ്ഞിരിക്കുന്നു? ഞങ്ങൾ നിന്നോടുകൂടെ അവനെ അന്വേഷിക്കാം.

S.S. 6:2 തോട്ടങ്ങളിൽ മേയിപ്പാനും തമാരപ്പൂക്കളെ പറിപ്പാനും എന്റെ പ്രിയൻ തന്റെ തോട്ടത്തിൽ സുഗന്ധസസ്യങ്ങളുടെ തടങ്ങളിലേക്കു ഇറങ്ങിപ്പോയിരിക്കുന്നു.

S.S. 6:3 ഞാൻ എന്റെ പ്രിയന്നുള്ളവൾ; എന്റെ പ്രിയൻ എനിക്കുള്ളവൻ; അവൻ താമരകളുടെ ഇടയിൽ മേയ്ക്കുന്നു.

S.S. 6:4 എന്റെ പ്രിയേ, നീ തിർസ്സാപോലെ സൗന്ദര്യമുള്ളവൾ; യെരൂശലേംപോലെ മനോഹര, കൊടികളോടുകൂടിയ സൈന്യംപോലെ ഭയങ്കര.

S.S. 6:5 നിന്റെ കണ്ണു എങ്കൽനിന്നു തിരിക്ക; അതു എന്നെ ഭ്രമിപ്പിച്ചിരിക്കുന്നു; നിന്റെ തലമുടി ഗിലെയാദ് മലഞ്ചെരിവിൽ കിടക്കുന്ന കോലാട്ടിൻകൂട്ടം പോലെയാകുന്നു.

S.S. 6:6 നിന്റെ പല്ലു കുളിച്ചു കയറിവരുന്ന ആടുകളെപ്പോലെയിരിക്കുന്നു; അവയിൽ ഒന്നും മച്ചിയായിരിക്കാതെ എല്ലാം ഇരട്ട പ്രസവിക്കുന്നു.

S.S. 6:7 നിന്റെ ചെന്നികൾ നിന്റെ മൂടുപടത്തിന്റെ ഉള്ളിൽ മാതളപ്പഴത്തിന്റെ ഖണ്ഡംപോലെ ഇരിക്കുന്നു.

S.S. 6:8 അറുപതു രാജ്ഞികളും എണ്പതു വെപ്പാട്ടികളും അസംഖ്യം കന്യകമാരും ഉണ്ടല്ലോ.

S.S. 6:9 എന്റെ പ്രാവും എന്റെ നിഷ്കളങ്കയുമായവളോ ഒരുത്തി മാത്രം; അവൾ തന്റെ അമ്മെക്കു ഏകപുത്രിയും തന്നെ പ്രസവിച്ചവൾക്കു ഓമനയും ആകുന്നു; കന്യകമാർ അവളെ കണ്ടു ഭാഗ്യവതി എന്നു വാഴ്ത്തും; രാജ്ഞികളും വെപ്പാട്ടികളും കൂടെ അവളെ പുകഴ്ത്തും.

S.S. 6:10 അരുണോദയംപോലെ ശോഭയും ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോടുകൂടിയ സൈന്യംപോലെ ഭയങ്കരത്വവും ഉള്ളോരിവൾ ആർ?

S.S. 6:11 ഞാൻ തോട്ടിന്നരികെയുള്ള സസ്യങ്ങളെ കാണേണ്ടതിന്നും മുന്തിരിവള്ളി തളിർക്കയും മാതളനാരകം പൂക്കയും ചെയ്തുവോ എന്നു നോക്കേണ്ടതിന്നും അക്രോത്ത് തോട്ടത്തിലേക്കു ഇറങ്ങിച്ചെന്നു.

S.S. 6:12 എന്റെ അഭിലാഷം ഹേതുവായി ഞാൻ അറിയാതെ എന്റെ പ്രഭുജനത്തിൻ രഥങ്ങളുടെ ഇടയിൽ എത്തി.

S.S. 7:1 മടങ്ങിവരിക, ശൂലേംകാരത്തീ, മടങ്ങിവരിക; ഞങ്ങൾ നിന്നെ ഒന്നു കണ്ടുകൊള്ളട്ടെ, മടങ്ങിവരിക, മടങ്ങിവരിക; നിങ്ങൾ മഹനയീമിലെ നൃത്തത്തെപ്പോലെ ശൂലേംകാരത്തിയെ കാണ്മാൻ ആഗ്രഹിക്കുന്നതു എന്തിന്നു?

1. തിരശ്ശീലയ്ക്കുള്ളിൽ ജീവിക്കുന്നതിലൂടെ, ക്രിസ്തുവിന്റെ പ്രണയിനി ജ്യോതിർഗോളങ്ങളായി രൂപാന്തരപ്പെടുന്നു; അവൾ അരുണോദയംപോലെ കാണപ്പെടുന്നു; കൂടാതെ അവൾ ചന്ദ്രനെപ്പോലെ സൗന്ദര്യമുള്ളവളും, അവൾ സൂര്യനെപ്പോലെ നിർമ്മലയും ആണ്—വാ. 10.

    S.S. 6:10 അരുണോദയംപോലെ ശോഭയും ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോടുകൂടിയ സൈന്യംപോലെ ഭയങ്കരത്വവും ഉള്ളോരിവൾ ആർ?

2. ക്രിസ്തുവിന്റെ ജീവന്റെ പക്വതയിൽ, ക്രിസ്തുവിന്റെ പ്രണയിനി ശൂലേംകാരിയായിത്തീരുന്നു (ശലോമോന്റെ സ്ത്രീരൂപം); തങ്ങളുടെ വിവാഹത്തിനുവേണ്ടി അവനുമായി പൊരുത്തപ്പെടുന്നതിന് ക്രിസ്തുവിന്റെ പുനരുല്ലാദനവും തനിപ്പകർപ്പും എന്ന നിലയിൽ അവൾ ജീവനിലും, പ്രകൃതത്തിലും ആവിഷ്കാരത്തിലും, പ്രവർത്തനത്തിലും (എന്നാൽ ദൈവത്വത്തിലല്ല) അവനെപ്പോലെ ആയിത്തീർന്നിരിക്കുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു—വാ. 13; 2 കൊരി. 3:18.

    S.S. 7:1 മടങ്ങിവരിക, ശൂലേംകാരത്തീ, മടങ്ങിവരിക; ഞങ്ങൾ നിന്നെ

ഒന്നു കണ്ടുകൊള്ളട്ടെ, മടങ്ങിവരിക, മടങ്ങിവരിക; നിങ്ങൾ മഹനയീമിലെ നൃത്തത്തെപ്പോലെ ശൂലേംകാരത്തിയെ കാണ്മാൻ ആഗ്രഹിക്കുന്നതു എന്തിന്നു?

2 Cor. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

E. ഉത്തമഗീതത്തിന്റെ അഞ്ചാമത്തെ ഘട്ടത്തിൽ, ക്രിസ്തുവിന്റെ പ്രണയിനി കർത്താവിന്റെ വേലയിൽ പങ്കുചേരുന്നു—7:1-13:

S.S. 7:1 മടങ്ങിവരിക, ശൂലേംകാരത്തീ, മടങ്ങിവരിക; ഞങ്ങൾ നിന്നെ ഒന്നു കണ്ടുകൊള്ളട്ടെ, മടങ്ങിവരിക, മടങ്ങിവരിക; നിങ്ങൾ മഹനയീമിലെ നൃത്തത്തെപ്പോലെ ശൂലേംകാരത്തിയെ കാണ്മാൻ ആഗ്രഹിക്കുന്നതു എന്തിന്നു?

S.S. 7:2 പ്രഭുകുമാരീ, ചെരിപ്പിട്ടിരിക്കുന്ന നിന്റെ കാൽ എത്ര മനോഹരം! നിന്റെ ഉരുണ്ട നിതംബം തട്ടാന്റെ പണിയായ ഭൂഷണംപോലെ ഇരിക്കുന്നു.

S.S. 7:3 നിന്റെ നാഭി, വട്ടത്തിലുള്ള പാനപാത്രംപോലെയാകുന്നു; അതിൽ, കലക്കിയ വീഞ്ഞു ഇല്ലാതിരിക്കുന്നില്ല; നിന്റെ ഉദരം താമരപ്പൂ ചുറ്റിയിരിക്കുന്ന കോതമ്പുകൂമ്പാരംപോലെ ആകുന്നു.

S.S. 7:4 നിന്റെ സ്തനം രണ്ടും ഇരട്ടപിറന്ന രണ്ടു മാൻകുട്ടികൾക്കു സമം.

S.S. 7:5 നിന്റെ കഴുത്തു ദന്തഗോപുരംപോലെയും നിന്റെ കണ്ണു ഹെശ്ബോനിൽ ബാത്ത് റബ്ബീം വാതിൽക്കലേ കുളങ്ങളെപ്പോലെയും നിന്റെ മൂക്കു ദമ്മേശെക്കിന്നു നേരെയുള്ള ലെബാനോൻ ഗോപുരംപോലെയും ഇരിക്കുന്നു.

S.S. 7:6 നിന്റെ ശിരസ്സു കർമ്മേൽപോലെയും നിന്റെ തലമുടി രക്താംബരംപോലെയും ഇരിക്കുന്നു; രാജാവു നിന്റെ കുന്തളങ്ങളാൽ ബദ്ധനായിരിക്കുന്നു.

S.S. 7:7 പ്രിയേ, പ്രേമഭോഗങ്ങളിൽ നീ എത്ര സുന്ദരി, എത്ര മനോഹര!

S.S. 7:8 നിന്റെ ശരീരാകൃതി പനയോടും നിന്റെ സ്തനങ്ങൾ മുന്തിരിക്കുലയോടും ഒക്കുന്നു!

S.S. 7:9 ഞാൻ പനമേൽ കയറും; അതിന്റെ മടൽ പിടിക്കും എന്നു ഞാൻ പറഞ്ഞു. നിന്റെ സ്തനങ്ങൾ മുന്തിരിക്കുലപോലെയും നിന്റെ മൂക്കിന്റെ വാസന നാരങ്ങയുടെ വാസനപോലെയും ആകട്ടെ. നിന്റെ അണ്ണാക്കോ മേത്തരമായ വീഞ്ഞു.

S.S. 7:10 അതു എന്റെ പ്രിയന്നു മൃദുപാനമായി അധരത്തിലും പല്ലിലും കൂടി കടക്കുന്നതും ആകുന്നു.

S.S. 7:11 ഞാൻ എന്റെ പ്രിയന്നുള്ളവൾ; അവന്റെ ആഗ്രഹം എന്നോടാകുന്നു.

S.S. 7:12 പ്രിയാ, വരിക; നാം വെളിംപ്രദേശത്തു പോക; നമുക്കു ഗ്രാമങ്ങളിൽ ചെന്നു രാപാർക്കാം.

S.S. 7:13 അതികാലത്തു എഴുന്നേറ്റു മുന്തിരിത്തോട്ടങ്ങളിൽ പോയി

മുന്തിരിവള്ളി തളിർത്തു പൂ വിടരുകയും മാതളനാരകം പൂക്കയും ചെയ്തുവോ എന്നു നോക്കാം; അവിടെവെച്ചു ഞാൻ നിനക്കു എന്റെ പ്രേമം തരും.

1. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് പരദേശയാത്ര ചെയ്തുകൊണ്ട് (ഗ്രാമങ്ങളിൽ രാപാർക്കുന്നതിലൂടെ) ക്രിസ്തുവിന്റെ പ്രണയിനി തന്റെ പ്രിയനോടുകൂടെ മുഴുവൻ ലോകത്തിനും (വയലുകൾ) വേണ്ടിയുള്ള വേല നിർവഹിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് ഉത്തമഗീതം 7:11 കാണിക്കുന്നു; അവൾ കർത്താവിന്റെ വേല നിർവഹിക്കുന്നതിൽ വിഭാഗീയ അല്ലെന്നും, പരദേശയാത്ര ചെയ്യുവാൻ മറ്റുള്ളവർക്ക് വരുവാൻ കഴിയുകയും മറ്റൊരിടത്തേക്ക് പരദേശയാത്ര ചെയ്യുവാൻ അവൾക്ക് പോകുവാൻ കഴിയുകയും ചെയ്യത്തക്കവണ്ണം വേല തുറന്നു വച്ചിരിക്കുന്നു എന്നും ഇത് സൂചിപ്പിക്കുന്നു; ഇത് ഒരു ശരീരത്തിൽ ഒരു വേല നിലനിർത്തുന്നതാണ്.

   S.S. 7:11 ഞാൻ എന്റെ പ്രിയന്നുള്ളവൾ; അവന്റെ ആഗ്രഹം എന്നോടാകുന്നു.

2. കർത്താവിന്റെ വേലയിൽ പങ്കുചേരുകയെന്നാൽ അവനോടുകൂടെ ഒരുമിച്ചു പ്രവർത്തിക്കുക എന്നാണ് (2 കൊരി. 6:1); അവനോടുകൂടെ പ്രവർത്തിക്കുന്നതിന് നമുക്ക് ജീവനിൽ പക്വത ഉണ്ടായിരിക്കുകയും, അവനുമായി ഒന്നായിരിക്കുകയും, നമ്മുടെ വേല അവന്റെ ശരീരത്തിനുവേണ്ടി ആയിരിക്കുകയും വേണം (കൊലൊ. 1:28-29; 1 കൊരി. 12:12-27).

   2 Cor. 6:1a അങ്ങനെ അവനോടുകൂടെ വേല ചെയ്തുകൊണ്ട്,...

   Col. 1:28 ഏതു മനുഷ്യനെയും ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവനായി നിർത്തേണ്ടതിന്, സകല ജ്ഞാനത്തോടുംകൂടെ ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തുകൊണ്ട്, അവനെ ഞങ്ങൾ അറിയിക്കുന്നു;

   Col. 1:29 അതിനായി ഞാൻ എന്നിൽ ശക്തിയോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരത്തിനൊത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു.

   1 Cor. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

   1 Cor. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

   1 Cor. 12:14 ശരീരം ഒരു അവയവം അല്ല, പലതത്രേ.

   1 Cor. 12:15 ഞാൻ കൈ അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് കാൽ പറയുന്നു എങ്കിൽ, ഇതു നിമിത്തം അത്

ശരീരത്തിലുള്ളതല്ല എന്നു വരുന്നില്ല.

1 Cor. 12:16 ഞാൻ കണ്ണ് അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് ചെവി പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നും വരുന്നില്ല.

1 Cor. 12:17 ശരീരം മുഴുവൻ കണ്ണ് എങ്കിൽ കേൾവി എവിടെ? ശരീരം മുഴുവൻ കേൾവി എങ്കിൽ, ഘ്രാണം എവിടെ?

1 Cor. 12:18 എന്നാൽ ഇപ്പോൾ ദൈവം അവയവങ്ങളെ, ഓരോന്നായി, അവൻ ഇച്ഛിച്ചതുപോലെ ശരീരത്തിൽ ആക്കിവച്ചിരിക്കുന്നു.

1 Cor. 12:19 എല്ലാം ഒരു അവയവം ആയിരുന്നു എങ്കിൽ, ശരീരം എവിടെ?

1 Cor. 12:20 എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നത്രേ.

1 Cor. 12:21 കണ്ണിന് കൈയ്യോട്, എനിക്ക് നിന്റെ ആവശ്യമില്ല എന്നും; അതുപോലെ തലയ്ക്ക് കാലുകളോട്, എനിക്ക് നിങ്ങളുടെ ആവശ്യമില്ല എന്നും പറയുവാൻ കഴിയില്ല.

1 Cor. 12:22 എന്നാൽ ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങളും ആവശ്യമുള്ളവ ആകുന്നു.

1 Cor. 12:23 ശരീരത്തിൽ മാനം കുറഞ്ഞവ എന്നു നാം കരുതുന്ന അവയവങ്ങളെ നാം അധികം മാനം അണിയിക്കുന്നു; നമ്മുടെ അഴകില്ലാത്ത അവയവങ്ങൾ അധികം അഴകുള്ളതായിരിക്കുവാൻ ഇടവരുന്നു,

1 Cor. 12:24 എന്നാൽ നമ്മുടെ അഴകുള്ള അവയവങ്ങൾക്ക് അത് ആവശ്യമില്ല. കുറവുള്ള അവയവത്തിന് അധികം മാനം നൽകിക്കൊണ്ട് ദൈവം ശരീരത്തെ ചേർത്തു സമന്വയിപ്പിച്ചിരിക്കുന്നു,

1 Cor. 12:25 അത് ശരീരത്തിൽ ഒരു ഭിന്നതയും ഇല്ലാതെ, അവയവങ്ങൾ അന്യോന്യം ഒരേ കരുതൽ ഉണ്ടായിരിക്കേണ്ടതിനത്രേ.

1 Cor. 12:26 ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവം മഹത്വപ്പെടുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ സന്തോഷിക്കുന്നു.

1 Cor. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

3. സഭകളെന്ന നിലയിൽ സകല മുന്തിരിത്തോട്ടങ്ങളെയും സർവ ഭൂമിയിലുമുള്ള വിശ്വാസികളെയും പരിപാലിച്ചുകൊണ്ട് ശൂലേംകാരി ശലോമോന്റെ നേരിണയായി പ്രവർത്തിക്കുന്നു (ഉത്തമ. 8:11); മുഴുവൻ ലോകത്തിനും വേണ്ടിയുള്ള ഒരു വേല നമുക്കുണ്ടായിരിക്കണം; ഇതാണ് സ്ഥലം സഭകൾ സ്ഥാപിക്കുകയും പിന്നീട് ക്രിസ്തുവിന്റെ ശരീരത്തിന്റെ പൂർണ സാക്ഷാൽക്കാരത്തിലേക്ക് അവരെ കൊണ്ടുവരുവാൻ പ്രവർത്തിക്കുകയും ചെയ്തതിലൂടെ പൗലൊസ് ചെയ്തത് (റോമ. 16:1-24).

S.S. 8:11 ശലോമോന്നു ബാൽഹാമോനിൽ ഒരു മുന്തിരിത്തോട്ടം

ഉണ്ടായിരുന്നു. ആ മുന്തിരിത്തോട്ടം അവൻ കാവൽക്കാരെ ഏല്പിച്ചു; അതിന്റെ പാട്ടമായിട്ടു, ഓരോരുത്തൻ ആയിരം പണം വീതം കൊണ്ടുവരേണ്ടിയിരുന്നു.

Rom. 16:1 കെംക്രയയിലുള്ള സഭയിലെ സഭാസേവക, നമ്മുടെ സഹോദരി ഫേബയെ ഞാൻ നിങ്ങൾക്ക് ഭരമേൽപ്പിക്കുന്നു,

Rom. 16:2 നിങ്ങൾ വിശുദ്ധന്മാർക്ക് യോഗ്യമാംവണ്ണം അവളെ കർത്താവിൽ സ്വീകരിക്കേണ്ടതിനും അവൾക്ക് നിങ്ങളുടെ ആവശ്യംവരുന്ന ഏത് കാര്യത്തിലും അവളെ സഹായിക്കേണ്ടതിനും തന്നെ; എന്തെന്നാൽ അവൾ താൻതന്നെ അനേകരുടെ, ഒപ്പം എന്റെയും പരിപാലക ആയിരുന്നു.

Rom. 16:3 ക്രിസ്തു യേശുവിലുള്ള എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അക്വിലാവെയും വന്ദനം ചെയ്യുവിൻ,

Rom. 16:4 അവർ എന്റെ ജീവനുവേണ്ടി തങ്ങളുടെ സ്വന്തം കഴുത്ത് വച്ചുകൊടുത്തു, അവർക്ക് ഞാൻ മാത്രമല്ല ജാതികളുടെ സകല സഭകളും നന്ദി പറയുന്നു;

Rom. 16:5 അവരുടെ വീട്ടിലുള്ള സഭയെയും വന്ദനം ചെയ്യുവിൻ. എന്റെ പ്രിയനായ, എപ്പൈനത്തൊസിനെ വന്ദനം ചെയ്യുവിൻ, അവൻ ആസ്യയിൽ ക്രിസ്തുവിനായുള്ള ആദ്യഫലം ആകുന്നു.

Rom. 16:6 നിങ്ങൾക്കായി വളരെ അധ്വാനിച്ചവളായ മറിയയെ വന്ദനം ചെയ്യുവിൻ.

Rom. 16:7 എന്റെ ചാർച്ചക്കാരും എന്റെ സഹതടവുകാരുമായ അന്ത്രൊനിക്കൊസിനെയും യൂനിയാവിനെയും വന്ദനം ചെയ്യുവിൻ, അവർ അപ്പൊസ്തലന്മാരുടെ ഇടയിൽ ശ്രദ്ധിക്കപ്പെട്ടവർ ആകുന്നു, അവർ എനിക്ക് മുമ്പേ ക്രിസ്തുവിലായവർ ആകുന്നു.

Rom. 16:8 കർത്താവിൽ എന്റെ പ്രിയനായ അംപ്ലിയാത്തൊസിനെ വന്ദനം ചെയ്യുവിൻ.

Rom. 16:9 ക്രിസ്തുവിൽ എന്റെ കൂട്ടുവേലക്കാരനായ ഉർബ്bാനൊസിനെയും, എന്റെ പ്രിയനായ സ്താക്കുവിനെയും വന്ദനം ചെയ്യുവിൻ.

Rom. 16:10 ക്രിസ്തുവിൽ അംഗീകൃതനായ അപ്പെലേസിനെ വന്ദനം ചെയ്യുവിൻ. അരിസ്തോബൂലൊസിന്റെ ഭവനക്കാരെ വന്ദനം ചെയ്യുവിൻ.

Rom. 16:11 എന്റെ ചാർച്ചക്കാരനായ ഹെരോദിയോനെ വന്ദനം ചെയ്യുവിൻ. കർത്താവിലുള്ള നർക്കിസ്സൊസിന്റെ ഭവനക്കാരെ വന്ദനം ചെയ്യുവിൻ.

Rom. 16:12 കർത്താവിൽ അധ്വാനിക്കുന്നവരായ ത്രുഫൈനയെയും ത്രുഫോസയെയും വന്ദനം ചെയ്യുവിൻ. കർത്താവിൽ വളരെ അധ്വാനിച്ചവളായ, പ്രിയ സഹോദരി പെർസിസിനെ വന്ദനം ചെയ്യുവിൻ.

Rom. 16:13 കർത്താവിൽ തിരഞ്ഞെടുക്കപ്പെട്ടവനായ രൂഫൊസിനെ വന്ദനം ചെയ്യുവിൻ, എന്റെയും അമ്മയായ അവന്റെ അമ്മയെ വന്ദനം ചെയ്യുവിൻ.

Rom. 16:14 അസുംക്രിതൊസിനെയും പ്ലെഗോനെയും ഹെർമ്മോസിനെയും പത്രൊബാസിനെയും ഹെർമ്മാസിനെയും, അവരോടുകൂടെയുള്ള സഹോദരന്മാരെയും വന്ദനം ചെയ്യുവിൻ.

Rom. 16:15 ഫിലൊലൊഗൊസിനെയും യൂലിയയെയും, നെരെയുസിനെയും അവന്റെ സഹോദരിയെയും, ഒലുമ്പാസിനെയും, അവരോടുകൂടെയുള്ള സകല വിശുദ്ധന്മാരെയും വന്ദനം ചെയ്യുവിൻ.

Rom. 16:16 വിശുദ്ധ ചുംബനംകൊണ്ട് അന്യോന്യം വന്ദനം ചെയ്യുവിൻ. ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു.

Rom. 16:17 സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന് വിരുദ്ധമായി, വിഭാഗങ്ങളും ഇടർച്ചയ്ക്ക് കാരണങ്ങളും ഉണ്ടാക്കുന്നവരെ അടയാളപ്പെടുത്തുവാൻ ഞാൻ പ്രബോധിപ്പിക്കുന്നു, അവരിൽനിന്ന് തിരിഞ്ഞുമാറുവിൻ.

Rom. 16:18 എന്തെന്നാൽ ഇത്തരത്തിലുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ സ്വന്തം വയറിനെയത്രേ സേവിക്കുന്നത്, ചക്കരവാക്കിലൂടെയും മുഖസ്തുതിയിലൂടെയും അവർ സാധാരണക്കാരുടെ ഹൃദയങ്ങളെ വഞ്ചിക്കുന്നു.

Rom. 16:19 നിങ്ങളുടെ അനുസരണത്തെക്കുറിച്ചുള്ള വിവരം എല്ലാവരുടെയും അടുക്കൽ എത്തിയിരിക്കുന്നു; അതുകൊണ്ട് ഞാൻ നിങ്ങളെ ഓർത്ത് സന്തോഷിക്കുന്നു, എന്നാൽ നിങ്ങൾ നന്മയ്ക്ക് ജ്ഞാനികളും തിന്മയ്ക്ക് നിഷ്കളങ്കരും ആയിരിക്കണമെന്ന് ഞാൻ ഇച്ഛിക്കുന്നു.

Rom. 16:20 സമാധാനത്തിന്റെ ദൈവമോ സാത്താനെ വൈകാതെ നിങ്ങളുടെ പാദങ്ങൾക്ക് കീഴെ ചതച്ചുകളയും. നമ്മുടെ കർത്താവായ യേശുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.

Rom. 16:21 എന്റെ കൂട്ടുവേലക്കാരനായ തിമൊഥെയൊസും, എന്റെ ചാർച്ചക്കാരായ ലൂക്യൊസും യാസോനും സോസിപത്രൊസും നിങ്ങളെ വന്ദനം ചെയ്യുന്നു.

Rom. 16:22 ഈ ലേഖനം എഴുതുന്ന തെർതൊസ് എന്ന ഞാൻ, കർത്താവിൽ നിങ്ങളെ വന്ദനം ചെയ്യുന്നു.

Rom. 16:23 എന്റെയും മുഴുവൻ സഭയുടെയും ആതിഥേയനായ ഗായൊസ് നിങ്ങളെ വന്ദനം ചെയ്യുന്നു. പട്ടണ ഖജാനക്കാരനായ എരസ്തൊസും, സഹോദരനായ ക്വർത്തൊസും നിങ്ങളെ വന്ദനം ചെയ്യുന്നു.

Rom. 16:24 [അടിക്കുറിപ്പ് 24 കാണുക.]

F. ഉത്തമഗീതത്തിന്റെ ആറാമത്തെ ഘട്ടത്തിൽ, ക്രിസ്തുവിന്റെ പ്രണയിനി ഉൽപ്രാപണം പ്രാപിക്കുമെന്ന് പ്രത്യാശിക്കുന്നു (8:1-14); അവൾ മരുഭൂമിയിൽനിന്ന് (ഭൗമിക മണ്ഡലം) "തന്റെ പ്രിയന്റെമേൽ ചാരിക്കൊണ്ട്" കയറി വരുന്നു (വാ. 5):

S.S. 8:1 നീ എന്റെ അമ്മയുടെ മുലകുടിച്ച സഹോദരൻ ആയിരുന്നുവെങ്കിൽ! ഞാൻ നിന്നെ വെളിയിൽ കണ്ടു ചുംബിക്കുമായിരുന്നു; ആരും എന്നെ നിന്ദിക്കയില്ലായിരുന്നു.

S.S. 8:2 നീ എനിക്കു ഉപദേശം തരേണ്ടതിന്നു ഞാൻ നിന്നെ അമ്മയുടെ വീട്ടിൽ കൂട്ടിക്കൊണ്ടുപോകുമായിരുന്നു; സുഗന്ധവർഗ്ഗം ചേർത്ത വീഞ്ഞും എന്റെ മാതളപ്പഴത്തിൻ ചാറും ഞാൻ നിനക്കു കുടിപ്പാൻ തരുമായിരുന്നു.

S.S. 8:3 അവന്റെ ഇടങ്കൈ എന്റെ തലയിൻകീഴെ ഇരിക്കട്ടെ; അവന്റെ വലങ്കൈ എന്നെ ആശ്ലേഷിക്കട്ടെ.

S.S. 8:4 യെരൂശലേംപുത്രിമാരേ, പ്രേമത്തിന്നു ഇഷ്ടമാകുവോളം അതിനെ ഇളക്കരുതു ഉണർത്തുകയുമരുതു എന്നു ഞാൻ നിങ്ങളോടു ആണയിട്ടപേക്ഷിക്കുന്നു.

S.S. 8:5 മരുഭൂമിയിൽനിന്നു തന്റെ പ്രിയന്റെമേൽ ചാരിക്കൊണ്ടു വരുന്നോരിവൾ ആർ? നാരകത്തിൻചുവട്ടിൽവെച്ചു ഞാൻ നിന്നെ ഉണർത്തി; അവിടെ വെച്ചല്ലോ നിന്റെ അമ്മ നിന്നെ പ്രസവിച്ചതു; അവിടെവെച്ചല്ലോ നിന്നെ പെറ്റവൾക്കു ഈറ്റുനോവു കിട്ടിയതു.

S.S. 8:6 എന്നെ ഒരു മുദ്രമോതിരമായി നിന്റെ ഹൃദയത്തിന്മേലും ഒരു മുദ്രമോതിരമായി നിന്റെ ഭുജത്തിന്മേലും വെച്ചുകൊള്ളേണമേ; പ്രേമം മരണംപോലെ ബലമുള്ളതും പത്നീവ്രതശങ്ക പാതാളംപോലെ കടുപ്പമുള്ളതും ആകുന്നു; അതിന്റെ ജ്വലനം അഗ്നിജ്വലനവും ഒരു ദിവ്യജ്വാലയും തന്നേ.

S.S. 8:7 ഏറിയ വെള്ളങ്ങൾ പ്രേമത്തെ കെടുപ്പാൻ പോരാ; നദികൾ അതിനെ മുക്കിക്കളകയില്ല. ഒരുത്തൻ തന്റെ ഗൃഹത്തിലുള്ള സർവ്വസമ്പത്തും പ്രേമത്തിന്നു വേണ്ടി കൊടുത്താലും അവനെ നിന്ദിച്ചുകളയും.

S.S. 8:8 നമുക്കു ഒരു ചെറിയ പെങ്ങൾ ഉണ്ടു; അവൾക്കു സ്തനങ്ങൾ വന്നിട്ടില്ല; നമ്മുടെ പെങ്ങൾക്കു കല്യാണം പറയുന്നനാളിൽ നാം അവൾക്കു വേണ്ടി എന്തു ചെയ്യും?

S.S. 8:9 അവൾ ഒരു മതിൽ എങ്കിൽ അതിന്മേൽ ഒരു വെള്ളിമകുടം പണിയാമായിരുന്നു; ഒരു വാതിൽ എങ്കിൽ ദേവദാരുപ്പലകകൊണ്ടു അടയ്ക്കാമായിരുന്നു.

S.S. 8:10 ഞാൻ മതിലും എന്റെ സ്തനങ്ങൾ ഗോപുരങ്ങൾപോലെയും ആയിരുന്നു; അന്നു ഞാൻ അവന്റെ ദൃഷ്ടിയിൽ സമാധാനം പ്രാപിച്ചിരുന്നു.

S.S. 8:11 ശലോമോന്നു ബാൽഹാമോനിൽ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. ആ മുന്തിരിത്തോട്ടം അവൻ കാവൽക്കാരെ ഏല്പിച്ചു; അതിന്റെ പാട്ടമായിട്ടു, ഓരോരുത്തൻ ആയിരം പണം

വീതം കൊണ്ടുവരേണ്ടിയിരുന്നു.

S.S. 8:12 എന്റെ സ്വന്ത മുന്തിരിത്തോട്ടം എന്റെ കൈവശം ഇരിക്കുന്നു; ശലോമോനേ, നിനക്കു ആയിരവും ഫലം കാക്കുന്നവർക്കു ഇരുനൂറും ഇരിക്കട്ടെ.

S.S. 8:13 ഉദ്യാനനിവാസിനിയേ, സഖിമാർ നിന്റെ സ്വരം ശ്രദ്ധിച്ചു കേൾക്കുന്നു; അതു എന്നെയും കേൾപ്പിക്കേണമേ.

S.S. 8:14 എന്റെ പ്രിയാ നീ പരിമളപർവ്വതങ്ങളിലെ ചെറുമാനിന്നും കലക്കുട്ടിക്കും തുല്യനായി ഓടിപ്പോക.

1. *അവളുടെ പ്രിയനിൽ ചാരിക്കൊണ്ട്* എന്നത്, യാക്കോബിനെപ്പോലെ, അവളുടെ ഇടുപ്പിന്റെ തടം സ്പർശിക്കപ്പെട്ടുവെന്നും, അവളുടെ സ്വാഭാവിക ബലം കർത്താവിനാൽ കൈകാര്യം ചെയ്യപ്പെട്ടുവെന്നും വിവക്ഷിക്കുന്നു—ഉല്പ. 32:24-25.

   Gen. 32:24 അപ്പോൾ ഒരു പുരുഷൻ ഉഷസ്സാകുവോളം അവനോടു മല്ലുപിടിച്ചു.

   Gen. 32:25 അവനെ ജയിക്കയില്ല എന്നു കണ്ടപ്പോൾ അവൻ അവന്റെ തുടയുടെ തടം തൊട്ടു; ആകയാൽ അവനോടു മല്ലുപിടിക്കയിൽ യാക്കോബിന്റെ തുടയുടെ തടം ഉളുക്കിപ്പോയി.

2. *അവളുടെ പ്രിയനിൽ ചാരിക്കൊണ്ട്* എന്നത്, അവൾ അളവിനപ്പുറം അവളെത്തന്നെ അമർത്തിയെന്ന് അവൾ കണ്ടെത്തിയെന്നും, ഇത് മരുഭൂയാത്ര കഴിയുന്നതുവരെ നീണ്ടുനിൽക്കുന്നതായി തോന്നുന്നുവെന്നും സൂചിപ്പിക്കുന്നു—2 കൊരി. 1:8-9; 12:9-10; 13:3-4.

   2 Cor. 1:8 സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ ക്ലേശത്തെക്കുറിച്ച് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി, ഞങ്ങൾ അത്യധികം ഭാരപ്പെട്ടു.

   2 Cor. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

   2 Cor. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

   2 Cor. 12:10 അതിനാൽ ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനതകളിലും അപമാനങ്ങളിലും ആവശ്യകതകളിലും ഉപദ്രവങ്ങളിലും ഞെരുക്കങ്ങളിലും പ്രസാദിക്കുന്നു; ഞാൻ ബലഹീനൻ ആയിരിക്കുമ്പോൾതന്നെ ശക്തനാകുന്നുവല്ലോ.

   2 Cor. 13:3 എന്നിൽ സംസാരിക്കുന്ന ക്രിസ്തുവിന്റെ തെളിവ് നിങ്ങൾ അന്വേഷിക്കുന്നുവല്ലോ, അവൻ നിങ്ങൾക്ക് ബലഹീനനല്ല,

നിങ്ങളിൽ ശക്തനത്രേ.

2 Cor. 13:4 അവൻ ബലഹീനത നിമിത്തം ക്രൂശിക്കപ്പെട്ടെങ്കിലും, ദൈവശക്തിയാൽ ജീവിക്കുന്നു. അവനിൽ ഞങ്ങൾ ബലഹീനരെങ്കിലും, നിങ്ങളോടുള്ള ദൈവശക്തിയാൽ ഞങ്ങൾ അവനോടുകൂടെ ജീവിക്കും.

3. തന്റെ സ്നേഹമുള്ള ഹൃദയത്തിൽ ഒരു മുദ്രയായും അവന്റെ ബലമുള്ള ഭുജത്തിൽ ഒരു മുദ്രയായും വയ്ക്കുവാൻ അവൾ തന്റെ പ്രിയനോട് ആവശ്യപ്പെടുന്നു; അവൾ തന്റെ ശക്തിയില്ലായ്മയെയും നിസ്സഹായതയെയും കുറിച്ച് ബോധവതിയാണ്, സകലവും ദൈവത്തിന്റെ സ്നേഹത്തെയും സംരക്ഷിക്കുന്ന ശക്തിയെയും ആശ്രയിച്ചിരിക്കുന്നുവെന്ന് അവൾ ഈ ഘട്ടത്തിൽ മനസ്സിലാക്കുന്നു—ഉത്തമ. 8:6-7.

S.S. 8:6 എന്നെ ഒരു മുദ്രമോതിരമായി നിന്റെ ഹൃദയത്തിന്മേലും ഒരു മുദ്രമോതിരമായി നിന്റെ ഭുജത്തിന്മേലും വെച്ചുകൊള്ളേണമേ; പ്രേമം മരണംപോലെ ബലമുള്ളതും പതീവ്രതശങ്ക പാതാളംപോലെ കടുപ്പമുള്ളതും ആകുന്നു; അതിന്റെ ജ്വലനം അഗ്നിജ്വലനവും ഒരു ദിവ്യജ്വാലയും തന്നേ.

S.S. 8:7 ഏറിയ വെള്ളങ്ങൾ പ്രേമത്തെ കെടുപ്പാൻ പോരാ; നദികൾ അതിനെ മുക്കിക്കളകയില്ല. ഒരുത്തൻ തന്റെ ഗൃഹത്തിലുള്ള സർവ്വസമ്പത്തും പ്രേമത്തിന്നു വേണ്ടി കൊടുത്താലും അവനെ നിന്ദിച്ചുകളയും.

4. തന്റെ തോട്ടങ്ങളായ വിശ്വാസികളിൽ വസിക്കുന്നവനോട് അവന്റെ ശബ്ദം കേൾപ്പിക്കുവാൻ അനുവദിക്കണമെന്ന് ക്രിസ്തുവിന്റെ പ്രണയിനി ആവശ്യപ്പെടുന്നു; നമ്മുടെ പ്രിയനായ കർത്താവിനുവേണ്ടി നാം ചെയ്യുന്ന വേലയിൽ, എല്ലായ്പോഴും അവനെ ശ്രവിച്ചുകൊണ്ട് അവനുമായുള്ള നമ്മുടെ കൂട്ടായ്മ നാം നിലനിർത്തേണ്ടതാവശ്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു—വാ. 13.

S.S. 8:13 ഉദ്യാനനിവാസിനിയേ, സഖിമാർ നിന്റെ സ്വരം ശ്രദ്ധിച്ചു കേൾക്കുന്നു; അതു എന്നെയും കേൾപ്പിക്കേണമേ..

**II. സർവഭൂമിയെയും നിറയ്ക്കുന്ന തന്റെ മധുരകരവും സൗന്ദര്യവുമുള്ള രാജ്യം (പരിമളപർവതം) സ്ഥാപിക്കുവാൻ തന്റെ പ്രിയൻ അവന്റെ പുനരുത്ഥാനശക്തിയിൽ (കലമാനും ഇളമാനും) മടങ്ങിവരുവാൻ ധൃതികൂട്ടണമെന്ന് ഈ കാവ്യപുസ്തകത്തിന്റെ ഉപസംഹാര വാക്കെന്ന നിലയിൽ, ക്രിസ്തുവിന്റെ പ്രണയിനി പ്രാർഥിക്കുന്നു.—വാ. 14; വെളി. 11:15; ദാനി. 2:35:**

S.S. 8:14 എന്റെ പ്രിയാ നീ പരിമളപർവ്വതങ്ങളിലെ ചെറുമാനിന്നും കലക്കുട്ടിക്കും തുല്യനായി ഓടിപ്പോക.

Rev. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

Dan. 2:35 ഇരിമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനൽക്കാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും

തങ്ങാതവണ്ണം കാറ്റു അവയെ പറപ്പിച്ചു കൊണ്ടുപോയി; ബിംബത്തെ അടിച്ച കല്ലു ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു.

A. വിശുദ്ധ തിരുവെഴുത്തുകളുടെ ഉപസംഹാര വാക്കെന്ന നിലയിൽ, ക്രിസ്തുവിനെയും അവന്റെ ദിവ്യ സ്നേഹത്തിലുള്ള സഭയെയും സംബന്ധിച്ച ദൈവത്തിന്റെ നിത്യ വ്യവസ്ഥ വെളിപ്പെടുത്തുന്ന ക്രിസ്തുവിന്റെ ഒരു പ്രിയനായ യോഹന്നാന്റെ പ്രാർഥനയുടെ രീതിയിൽ, തങ്ങളുടെ വിവാഹസംബന്ധമായ സ്നേഹത്തിൽ മണവാളനായ ക്രിസ്തുവും മണവാട്ടിയായ അവന്റെ പ്രണയിനിമാരും തമ്മിലുള്ള ഐക്യത്തെയും സംസർഗത്തെയും ഇങ്ങനെയുള്ള ഒരു പ്രാർഥന ചിത്രീകരിക്കുന്നു—വെളി. 22:20.

Rev. 22:20 ഈ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നവൻ പറയുന്നു, അതേ, ഞാൻ വേഗം വരുന്നു. ആമേൻ. കർത്താവായ യേശുവേ, വരേണമേ!

B. "വിശ്വാസം വസ്തുതകളായിത്തീരുകയും, സ്തുതി പ്രാർഥനയ്ക്കു പകരമാകുകയും ചെയ്യും. സ്നേഹം നിഴലില്ലാത്ത ഒരു തികവിൽ പരണമിക്കുകയും, നാം പാപരഹിതമായ മണ്ഡലത്തിൽ അവനെ സേവിക്കുകയും ചെയ്യും. എന്തൊരു ദിവസമായിരിക്കും അത്! കർത്താവായ യേശുവേ, വേഗം വരണമേ!"— Watchman Nee, *The Collected Works of Watchman Nee,* vol. 23, "The Song of Songs," p. 126.